32 ലഘു കുടിവെള്ള പദ്ധതികളാണ് പഞ്ചായത്തിലെ കുടിവെള്ള വിതരണം നിർവ്വഹിച്ചു വരുന്നത്. ഇവയിൽ പകുതിയിലേറെയും നടത്തി വരുന്നത് ഗുണഭോക്തൃ സമിതി വഴിയാണ്. വരൾച്ച രൂക്ഷമായ ഘട്ടത്തിലും പഞ്ചായത്തിൻറെ 95% കുടിവെള്ള പ്രശ്നവും ഈ ലഘു പദ്ധതികൾ വഴി പരിഹരിക്കുന്നതിന് കഴിയുന്നുവെന്നുള്ളത് എടുത്തു പറയേണ്ടതാണ്. അതു കൊണ്ടു തന്നെ സമീപ പഞ്ചായത്തുകളിൽ ടാങ്കർ ലോറികൾ വഴി കുടിവെള്ള വിതരണം സാഹചര്യം ഉള്ളപ്പോൾ നമ്മുടെ ഗ്രാമപഞ്ചായത്തിൽ നടപ്പു വർഷമോ കഴിഞ്ഞ 6 വർഷങ്ങളായോ ടാങ്കർ ലോറി വഴിയുള്ള കുടിവെള്ള വിതരണം നടത്തേണ്ടി വന്നിട്ടില്ല എന്നത് ഏറെ പ്രസ്താവ്യമാണ്.

ഫലപ്രദമായി പ്രവർത്തിക്കുന്ന ഗുണഭോക്തൃ സമിതികൾ ഉള്ള കുടിവെള്ള പദ്ധതി പ്രവർത്തനം വളരെ മാതൃകാപരമാണ്. 1–ാം വാർഡിലെ മാഞ്ചേരി പ്രദേശത്ത് 50 ഓളം കുടുംബങ്ങളും, 10–ാം വാർഡിലെ കുറുനെല്ലി പ്രദേശത്തെ 50 ഓളം കുടുംബങ്ങളും, 5–ാം വാർഡ് പഴന്നാന കുടിവെള്ള പദ്ധതിയോടു ചേർന്നുള്ള 30 ഓളം കുടുംബങ്ങളും മാത്രമാണ് കുടിവെള്ള വിതരണ ശൃംഖലയിൽ ഉൾപ്പെടാതെ പോയിട്ടുള്ളത്. 2024 –25 വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ച് ഉഭയൂർ കുടിവെള്ള പദ്ധതി, പുതുശ്ശേരി കുടിവെള്ള പദ്ധതി , എന്നിവയ്ക്കായി പുതിയ ബോർവെൽ നിർമ്മിക്കാൻ സ്ഥാനം നിർണയിക്കുകയും ആയതിന്റെ തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.. പഞ്ചായത്തിലെ എട്ടോളം പൊതുകിണറുകൾ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. 2025–

26 വാർഷിക പദ്ധതിയിലുൾപ്പെടുത്തി മാന്തോപ്പ് കുടിവെള്ളപദ്ധതി ബോർവെൽ നിർമ്മാണം, 3 സെന്റ് കോളനി ബോർവെൽ നിർമ്മാണം എന്നി പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് ഈ മേഖലയിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകുമെന്ന് പ്രതീക്ഷിക്കാവുന്ന പദ്ധതികളാണിവ. 2026-27 വാർഷിക പദ്ധതിയോടു കൂടി ഈ മേഖലകളെ കൂടി ശൃംഖലയിൽ ഉൾക്കൊള്ളിച്ച് കുടിവെള്ള വിതരണ രംഗത്ത് കൂടുതൽ നേട്ടം കൈവരിക്കാനാകും എന്ന് പ്രതീക്ഷിക്കുന്നു.

കുടിവെള്ള വിതരണത്തോടൊപ്പം ജലസംരക്ഷണ പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ട തായിട്ടുണ്ട്. തണ്ണീർത്തടങ്ങളുടെ സംരക്ഷണം ഉറപ്പ് വരുത്തിയും, കിണർ റീചാർജ്ജിങ്ങ്, മഴക്കുഴികൾ എന്നിവ പ്രോത്സാഹിച്ചും ജലസംരക്ഷണ പ്രവർത്തികൾക്ക് മോശമല്ലാത്ത ദിശാബോധം നൽകുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഈ മേഖലയിൽ സൂക്ഷ്മമായ ഇടപെടലുകൾ നടത്തി ഏറെ മുന്നേറേണ്ടതുണ്ട്.

കാലാവസ്ഥ വ്യതിയാനത്തിൻറെ ദുരന്തഫലമായി കൂടി വരുന്ന അന്തരീക്ഷ താപനിലയിലും അനിയന്ത്രിതമായി ഭൂഗർഭജലം ഉപയോഗിച്ചത് നിമിത്തം കുറഞ്ഞു വരുന്ന ഭൂഗർഭജലവിതാനവും ജലലഭ്യതയുടെ ഭാവിയെ ആശങ്കപ്പെടുത്തുന്നതാണ്. കൃത്യമായ ഇടപെടലുകൾ ഉണ്ടായില്ലെങ്കിൽ കൊടിയ വരൾച്ചയും ദുഷ്കരമായ ജീവിതാവസ്ഥയും നമ്മുടെ ഭാവിയെ പ്രതികൂലമായി ബാധിച്ചേക്കാം. മരങ്ങൾ വെച്ച് പിടിപ്പിച്ചും മഴവെള്ളത്തെ സംഭരിച്ചും കിണർ റീചാർജിംഗ് പോലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തും ജലസംഭരക്ഷണ പ്രവർത്തനങ്ങൾ അടിസ്ഥാന വികസന തത്ത്വമായി അംഗീകരിക്കാതെ നമ്മുക്ക് മുന്നോട്ട് പോകാനാകില്ല.

<u>ആരോഗ്യം ശുചിത്വം</u>

നാളിത് വരെ കേരളം ആർജ്ജിച്ചെടുത്ത വികസന മാതൃകയുടെ നട്ടെല്ല് നമ്മുടെ ആരോഗ്യ വിദ്യഭ്യാസ ശുചിത്യ രംഗത്തെ തനിമകളായിരുന്നു.എന്നാൽ ഇന്ന് ആരോഗ്യ ശുചിത്വ മേഖലകൾ വെല്ലുവിളികൾ നേരിടുകയാണ്.നാം കീഴ്പ്പെടുത്തി എന്ന കരുതിയിരുന്ന പല പകർച്ച വ്യാധികളും വീണ്ടും കാണുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്.നാം എന്നോ മറന്ന് പോയ മാലിന്യ ശുചിത്വ പ്രവർത്തനങ്ങളിലെ മന്ദീഭവിപ്പാണ് ഇതിന്റെ കാരണം. ഇതിനെ പ്രതിരോധിക്കുക എന്നത് അടിയന്തിര പ്രാധാന്യമുള്ള ഒന്നാണ്.ഹരിത കേരളം പദ്ധതി ഈ ദിശയിലുള്ള ഊന്നൽ ഉണ്ടായിട്ടുള്ളത് ഇതിന്റെ ഭാഗമായാണ്.

ആരോഗ്യ സേവനരംഗത്ത് ശക്തമായ സംവിധാനം പ്രവർത്തിച്ച വരുന്നുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം, ആയുർവ്വേദ ഡിസ്പെൻസറി, ആരോഗ്യ ഉപകേന്ദ്രങ്ങൾ, ഫീൽഡ്തല ആരോഗ്യ പ്രവർത്തകർ, ആശ വളണ്ടിയർമാർ, സ്വാന്തനം വളണ്ടിയർമാർ, പാലിയേറ്റീവ് പ്രവർത്തകർ തുടങ്ങിയ സംവിധാനങ്ങൾ വഴി ആരോഗ്യ സേവന പ്രവർത്തനങ്ങൾ പഞ്ചായത്തിൻറെ എല്ലാ മേഖലകളിലും ശ്രദ്ധിച്ച പോരുന്നുണ്ട്.കുറെക്കൂടി ചിട്ടയായ പ്രവർത്തനങ്ങൾ സൂക്ഷ്മതല നിരീക്ഷണ സംവിധാനങ്ങളും ഏർപ്പെടുത്തി ഈ മേഖലയെ ഏറെ

സമ്പന്നമാക്കേണ്ടതുണ്ട്. പിന്നിട്ട കാലത്തെ പദ്ധതി വർഷങ്ങളിൽ ഈ മേഖലയിൽ വലിയ ഇടപെടലുകൾ നടത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. 14-ാം പഞ്ചവത്സര പദ്ധതിയിലും ഈ മേഖലയിൽ കൂടുതൽ ഇടപെടലുകൾക്ക് പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്.

2021-22 സാമ്പത്തിക വർഷം മുതലാണ് ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മ സേന ആരംഭിച്ചത്. 14 വാർഡുകളിലായി 26 അംഗങ്ങൾ ആണ് ഹരിതകർമ്മസേനയിൽ പ്രവർത്തിക്കുന്നത്. ഒരു വാർഡിൽ 2 പേർ എന്ന ക്രമത്തിൽ ഹരിതകർമ്മസേന അംഗങ്ങൾ കൺസോർഷ്യം ആയി രൂപീകരിക്കുകയും അതിൽ നിന്നും പ്രസിഡൻറ്, സെക്രട്ടറി എന്നിവരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഹരിതകർമ്മസേനയുടെ അക്കൌണ്ട്ക ൺസോർഷ്യം പ്രസിഡൻറ്, സെക്രട്ടറി എന്നിവരുടെ പേരിൽ ആണ്. വീടുകളിൽ നിന്നും അജൈവ മാനിന്യം ശേഖരണത്തിന് 50/- രൂപ നിരക്കും കടകൾ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും 100/- എന്നതാണ് സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ടി തുകയാണ് ചൊവ്വന്നൂർ ഹരിതകർമ്മ സേന അംഗങ്ങൾ വാങ്ങുന്നത്. യൂസർഫീ കിട്ടുന്ന തുകയിൽ നിന്നും ഓരോ ഹരിത കർമ്മ സേന അംഗങ്ങൾക്കും, ഓണറേറിയം നൽകുന്നു. തുടർന്നുവരുന്ന സാമ്പത്തിക വർഷങ്ങളിലും ഹരിതകർമ്മസേനപ്രവർത്തനം നല്ല രീതിയിൽ നടത്താനും അതുവഴി പഞ്ചായത്തിലെ അജൈവ മാലിന്യം കുറക്കാനും സാധിക്കും

ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനായി 2025-26 നിന്നും ഹരിതകർമ്മസേനക്ക് ആവശ്യമായ യൂണിഫോം ഐ ഡി കാർഡ്,ബാഗ്, ഷൂസ് മറ്റ് പ്രവർത്തന സാമഗ്രികൾ എന്നിവ വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ അവരുടെ പ്രവർത്തനത്തിന് വേണ്ടി ടി പ്രോജക്ടിൽ നിന്നും തുക ചെലവാക്കിയിട്ടുണ്ട്.

ഹരിതകർമ്മസേനക്ക് ഓരോ വാർഡിലും അജൈവ മാലിന്യ ശേഖരണത്തിന് മിനി എം സി എഫ് കൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിൽ എം സി എഫ് ഉണ്ട്. എം സി എഫിൽ വച്ച് തരം തിരിച്ച് എക്കോഗ്രീൽ എന്ന കമ്പനിക്ക് അജൈവ മൈലിന്യങ്ങൾ കൈമാറുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ ഹരിതകർമ്മസേനയുടെ നേതൃത്ത്വത്തിൽ പ്രവർത്തിക്കുന്നതിനായി ജൈവമാലിന്യ സംസ്കരണ ശാല ഈ വർഷം തന്നെ തുടങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിലെ MCF ന് സമീപം ജൈവമാലിന്യ സംസ്കരണ കേന്ദ്രം (തുമ്പൂർമുഴി മോഡൽ ആരംഭിച്ചിട്ടുള്ളതാണ് ) 2026 ജനുവരി മുതൽ ജൈവമാലിന്യ സംസ്കരണ യൂണിറ്റ് പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ജൈവമാലിന്യം കൈമാറുമ്പോൾ നൽകേണ്ട തുക- സാധാരണ വീടുകൾ 10 രൂപ,ജൈവമാലിന്യം സ്ഥിരമായി കൂടുതൽ ഉത്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ/കടകൾ 50 രൂപ, ഫ്ലാറ്റുകൾ, അതിഥി തൊഴിലാളികൾ താമസിക്കുന്ന കാർട്ടേഴ്സുകൾ വേർതിരിച്ചത് 100രൂപ വേർതിരിക്കൽ പൂർണ്ണമല്ലാത്തത് 150 രൂപ, കല്യാണ മണ്ഡപങ്ങൾ വേർതിരിച്ചത് 750 രൂപ വേർതിരിക്കൽ പൂർണ്ണമല്ലാത്തത് 1000 രൂപ, വീടുകൾ -

വിവാഹം ഒഴികെയുള്ള ചെറിയ 100 നും 500 നും ഇടയിൽ ആളുകൾ പങ്കെടുക്കുന്ന പരിപാടികൾക്ക് വേർതിരിച്ചത് 300 രൂപ വേർതിരിക്കൽ പൂർണ്ണമല്ലാത്തത് 400 രൂപ, വീടുകൾ – വിവാഹം ഒഴികെയുള്ള ചെറിയ 100 ആളുകൾക്ക് താഴെയുള്ള പരിപാടികൾക്ക് വേർതിരിച്ചത് 100 രൂപ വേർതിരിക്കൽ പൂർണ്ണമല്ലാത്തത് 150 രൂപ.

വരും വർഷങ്ങളിൽ ഹരിതകർമ്മസേന ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ ഒരു മുതൽക്കൂട്ട് ആകുമെന്ന കാര്യത്തിൽയാതൊരു സംശയവുമില്ല.

<u>അംഗൻവാടികൾ</u>

സാമൂഹികക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് കീഴിൽ 17 അംഗൻവാടികൾ പ്രവർത്തിച്ചു വരുന്നു. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ മുഴുവൻ അംഗൻവാടികൾക്കും സ്വന്തം സ്ഥലവും സുരക്ഷിതമായ കെട്ടിടവും ഒരുക്കാൻ കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. ശിശുസൗഹൃദ സംവിധാനം ഒരുക്കിയിട്ടുള്ള അംഗൻവാടികൾ അതാത് പ്രദേശത്തെ വനിതാകേന്ദ്രങ്ങൾ കൂടിയായി പ്രവർത്തിച്ചു വരുന്നു. അംഗൻവാടികൾ കേന്ദ്രീകരിച്ച് ഗർഭിണികൾ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്കുള്ള ആരോഗ്യപോഷണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്. അതോടൊപ്പം വൃദ്ധർക്ക് ഭക്ഷണമൊരുക്കുന്ന പദ്ധതിയും, ജീവിതശൈലി രോഗനിർണ്ണയ സ്ഥിരസംവിധാനവും അംഗൻവാടികൾ വഴി നടപ്പിലാക്കിയിട്ടുണ്ട്. അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ജീവനക്കാരുടെ ഓണറേറിയത്തിൽ പഞ്ചായത്തിൻറെ പങ്ക് വഹിക്കുന്നതിനും പദ്ധതിയിൽ പണം വകയിരുത്തിയിട്ടുണ്ട്. കൂടാതെ അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെ നിലവാരവും ഉയർത്തുന്നതിനുവേണ്ട പദ്ധതികളും ഈ വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

<u>കുടുംബശ്രീ</u>

ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ 2004 ൽ ആണ് കുടുംബശ്രീ സംവിധാനം രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചത് നിലവിൽ 13 ADS കളിലുമായി 128 അയൽക്കൂട്ടങ്ങൾ ഉണ്ട് ഇതിൽ 3 വയോജന അയൽക്കൂട്ടങ്ങൾ ഉൾപ്പെടുന്നു. ജനറൽ അംഗങ്ങൾ 1550 ഉം എസ് സി 188 അംഗങ്ങളും ഉല്പ്പെ ട് അകെ 1738 അംഗങ്ങൾ ഉണ്ട്. അയൽക്കൂട്ടങ്ങളുടെ അക്കൗണ്ടുകൾ SBI ചൊവ്വന്നൂർ, KGB KUNNAMKULAM ,BANK OF BERODA KUNNAMKULAM ബാങ്ക് കളിലാണ്.നിലവിൽ 90 അയൽക്കൂട്ടങ്ങൾ ബാങ്ക് ലിങ്കേജ് വായ്പ എടുത്തവയാണ്. 2025 –26 വർഷത്തിൽ മാത്രം ലിങ്കേജ് വായ്പയായി 56512501 രൂപയും നൽകിയിട്ടുണ്ട്. ലിങ്കേജ് വായ്പ എടുത്ത 71 ആയൽകൂട്ടങ്ങൾക്കും മച്ചിങ്ങ്ഗ്രാൻഡ് ലഭ്യമാക്കിയിട്ടുണ്ട്. ത്രിഫ്റ്റ് വായ്പയും ആന്തരിക വായ്പയും നല്കിയിട്ടുണ്ട്.മുറ്റത്തെ മുല്ല എന്ന വായ്പ പദ്ധി പ്രകാരം 10 അയല്കൂട്ടങ്ങള്ക്കു 36259040 രൂപ കുറഞ്ഞ പലിശ നിരക്കിൽ വിതരണം ചെയ്തു. ജീവദീപം ഇൻഷുറൻസ് പദ്ധതിക്ക് 99 പേരും ചേര്ത്തു .

വീടുകളിൽ ഒറ്റപ്പെട്ട് കഴിയുന്ന വൃദ്ധരെ കണ്ടെത്തി അവരെ സ്നേഹിത കോളിംഗ് ബെൽ പദ്ധതിയിൽ ഉൾപ്പെടുത്തി കൌൺസിലിംഗ് നടത്തുകയുണ്ടായി. 18 പേർ സ്നേഹിത കോളിംഗ് ബെല്ലിംഗ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഉജ്ജീവനം പദ്ധതി പ്രകാരം 3 പേർക്ക് സംരംഭം തുടങ്ങുവാൻ 129000 രൂപ നൽകി. പ്രൊഡ്യൂസർ ഗ്രൂപ്പിന് 50000 രൂപയുടെ മെഷിനറികൾ നൽകി. സ്നേഹനിധി ധനസഹായം 5 പേർക്ക് 5000 രൂപ വീതം നൽകി. ജീവൻ ദീപം ഡെത്ത് ക്ലെയിം പ്രകാരം 3 പേർക്ക് 62500 രൂപ നൽകിയിട്ടുണ്ട്.

## വിദ്യാഭ്യാസം

ആഗോള വികസന സൂചികയിൽ അത്ഭുത പ്രതിഭാസമായി കേരളത്തിന്റെ ജീവിത നിലവാര സൂചിക സ്ഥാനം പിടിച്ചതിൽ ഇവിടത്തെ വിദ്യഭ്യാസ ലോബിക്ക് പ്രധാന പങ്കുണ്ട്. ഇന്ന് കേരള സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാലയ സംരക്ഷണവും അതിന്റെ അക്കാദമിക്ക് ഭൌതികതല മെച്ചപ്പെടുത്തലും ഉണ്ടാക്കിയ ഉണർവിന്റെ പശ്ചാത്തലത്തിൽ ഈ ദിശയിൽ ഊന്നിയുള്ള പദ്ധതികൾക്കാണ് വാർഷിക പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്.

പഞ്ചായത്ത് പ്രദേശത്ത് ഔപചാരിക രംഗത്ത് 4 എയ്ഡഡ് ലോവർ പ്രൈമറി വിദ്യാലയങ്ങളും, അൺ എയ്ഡഡ് മേഖലയിൽ പ്ലസ്ടു വരെ വിദ്യാഭ്യാസ സൗകര്യമുള്ള ഒരു സ്ഥാപനവും ആണ് പ്രവർത്തിച്ചു വരുന്നത്. നഗരത്തിനോട് ചേർന്ന് നിൽക്കുന്ന ഗ്രാമപഞ്ചായത്തായതിനാൽ ഉയർന്ന ക്ലാസുകളുടെ പഠനം നിർവ്വഹിക്കപ്പെടുന്നത് നഗരത്തിലെ സ്കൂളുകളിലാണ്. അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന തുടർസാക്ഷരത കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. സാക്ഷരത പ്രേരക്മാരുടെ വേതനത്തിൽ അടുത്ത കാലത്തുണ്ടായ വർദ്ധനവ് ഈ രംഗത്ത് പുത്തൻ ഉണർവിന് കാരണമായിട്ടുണ്ട്. എന്നാൽ നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത കേന്ദ്രങ്ങളിൽ പുതിയ പ്രേരക്മാരെ നിയമിക്കാത്തത് മൂലം നമ്മുടെ പഞ്ചായത്തിന് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു കേന്ദ്രമെങ്കിലും പഞ്ചായത്തിൽ പ്രവർത്തിക്കു ന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതിന് സർക്കാർ അനുമതി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.പഞ്ചായത്ത് കാര്യലയ ചത്വരത്തിനകത്തെ അറിവകം കേന്ദ്രീകരിച്ച് നടത്തുന്ന വിവിധ വിദ്യഭ്യാസ പ്രവർത്തനങ്ങളും ഈ വാർഷിക പദ്ധതിയിലെ പ്രത്യേകതകളാണ്.

## പാലിയേറ്റീവ് കെയർ

പ്രാഥമികാരോഗ്യ കേന്ദ്രം ഫീൽഡ്തല ആരോഗ്യ പ്രവർത്തകരുടെ സഹകരണത്തോടെ കിടപ്പ് രോഗികളായവർക്കുള്ള പാലിയേറ്റീവ് കെയർ സംവിധാനം ഫലപ്രദമായി നടപ്പാക്കി വരുന്നുണ്ട്. ഇത്തരം രോഗികൾക്കാവശ്യമായ മരുന്നുകൾ, ശുശ്രൂഷകൾ പരിചരണ ഉപകരണങ്ങൾ എന്നിവ നൽകി വരുന്നുണ്ട്. വൃദ്ധരായ നിരാലംബർക്ക് ഉച്ചഭക്ഷണം നൽകുന്ന

സൗഹൃദം പദ്ധതിക്ക് പുതിയ പദ്ധതിയിൽ പണം വകയിരുത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ ആളുകൾക്ക് വിവിധ പദ്ധതികൾ വിവിധ കാലങ്ങളിലായി നടപ്പിലാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്കുള്ള ഫിസിയോതെറാപ്പി കേന്ദ്രം ഈ വർഷത്തോടെ പ്രവർത്തനക്ഷമമാകും. മുഴുവൻ ഭിന്നശേഷിക്കാർക്കും ക്ഷേമപെൻഷൻ ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. മുഴുവൻ വൃദ്ധർക്കും ക്ഷേമപെൻഷൻ ഏർപ്പേടാക്കാനായിട്ടുണ്ട്. വൃദ്ധർക്കായി പഞ്ചായത്ത് കോമ്പൗണ്ടിൽ സുജീവനം-മാനസിക ശാരീരിക ആരോഗ്യ പാർക്ക് നിർമ്മാണം ഇതിനോടകം പൂർത്തിയായിട്ടുണ്ട്.പ്രാഥമികാരോഗ്യ കേന്ദ്രം നേതൃത്വം കൊടുക്കുന്ന പാലിയേറ്റീവ്കെയർ പ്രവർത്തനം നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഈ വാർഷിക പദ്ധതി ഉദ്ദേശിക്കുന്നു.

2026-27 സാമ്പത്തിക വർഷത്തിൽ പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട് .കൂടാതെ വൃക്ക രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനും ഡയലൈസർ വാങ്ങുന്നതിനും ,ജീവിത ശൈലി രോഗങ്ങൾക്കുള്ള മരുന്നിനും, അതി ദരിദ്രർക്ക് സൗജന്യ മരുന്ന് വിതരണത്തിനും തുക വകയിരുത്തിയിട്ടുണ്ട്.

## <u>കല സംസ്കാരം</u>

അസഹിഷ്ണതയുടെ ആൾക്കൂട്ടം അരങ്ങ് വാഴുന്ന കാലത്ത് പ്രദേശത്തിന്റെ സംസ്കാരത്തിൽ ഇടപ്പെട്ടുക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഈ വാർഷിക പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത് സംസ്കാരത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾക്കാണ്. പഞ്ചായത്ത് ഓഫീസ് കാര്യാലയത്തിനകത്തെ അറിവകം കേന്ദ്രീകരിച്ചും 9-ാം നമ്പർ അംഗൻവാടിയിലെ വനിതാകേന്ദ്രം കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ ഈ ദിശയിലൂന്നിയുള്ള പ്രവർത്തനങ്ങളാണ്.

കുട്ടികൾക്കുള്ള ബാലസഭ പ്രവർത്തനങ്ങൾ, അംഗനവാടി കേന്ദ്രീകരിച്ചുള്ള കലോത്സവം കുട്ടികൾക്കുള്ള കളി ഉപകരണങ്ങൾ എന്നിവ പുതിയ വർഷത്തെ പ്രധാന പദ്ധതികളാണ്. എന്നിവയ്ക്ക് തനതു വർഷംതുക വകയിരുത്തിയിട്ടുണ്ട്. വർഷത്തിൽ വളരെ നല്ല രീതിയിൽ തന്നെ നടത്താൻ കഴിഞ്ഞു. വരും വർഷവും കേരളോത്സവം പരിപാടികൾക്കുള്ള തുക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

## അദ്ധ്യായം – 4

## വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

വികസനം എന്നത് ഒരു കേവല പ്രക്രിയ അല്ലെന്നും നാടിന്റെ സംസ്കാരികവും ഭൌതികവുമായ പുരോഗതി ഉറപ്പുവരുത്താതെ വികസനം സാധ്യമാകില്ലെന്നുമുള്ള കാഴ്ചപ്പാടാണ് ഗ്രാമപഞ്ചായത്ത് മുന്നോട്ടു വയ്ക്കുന്നത്.

നാളിതുവരെ ആർജിച്ചെടുത്ത വികസന നേട്ടങ്ങളെ നിലനിർത്തുന്നതോടൊപ്പം പുതിയതും മെച്ചപ്പെട്ടതുമായ വികസനക്ഷേമ പ്രവർത്തനങ്ങൾ വിവിധ മേഖലകളിൽ നേടിയെടുക്കുക എന്നതാണ് പഞ്ചായത്തിൻറെ ലക്ഷ്യം. 14–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഹരിതകേരളം പദ്ധതിയുമായി കൈകോർത്ത് പാർപ്പിട–ആരോഗ്യ വിദ്യാഭ്യാസ–കാർഷിക മേഖലകളിൽ സുസ്ഥിര വികസനം കൈവരിക്കുക എന്നതാണ് ഗ്രാമപഞ്ചായത്ത് മുന്നോട്ട് വെക്കുന്ന വികസനകാഴ്ചപ്പാട്.

ലൈഫ് ഭവന പദ്ധതിയിലൂടെ പഞ്ചായത്തിലെ ഭൂരഹിത ഭവനരഹിതർക്ക് ഫ്ളാറ്റ് സമുച്ചയം ഒരുക്കിയും, ഭൂമിയുള്ള ഭവനരഹിതർക്ക് ചിലവ് കുറഞ്ഞ വീട് നിർമ്മാണ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി അടുത്ത പഞ്ചവത്സരകാലത്തോടു കൂടി സമ്പൂർണ്ണ ഭവനം പഞ്ചായത്തിൽ സാക്ഷാത്കരി ക്കുന്നതിന് ലക്ഷ്യമിടുന്നു. വിദ്യാഭ്യാസ മേഖലയിൽ സ്കൂൾ കോംപ്ലക്സ് പ്രവർത്തനം പ്രായോഗികമാക്കുന്നതിന് പഞ്ചായത്ത് ഉദ്ദേശിക്കുന്നുണ്ട്. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിന് അക്കാദമികവും സാമ്പത്തികവുമായ സംഭാവനകൾ ഉദാരമതികളിൽ നിന്നും നല്ല സംഘടനകളിൽ നിന്നും പഞ്ചായത്ത് പ്രതീക്ഷിക്കുന്നു.

പൊതുവിദ്യാലയ സംരക്ഷണ യജ്ഞം ഒരു മുഖ്യ അജണ്ടയായി പഞ്ചായത്ത് ലക്ഷ്യം കാണുന്നുണ്ട്. ഈ ലക്ഷ്യ പൂർത്തീകരണത്തിന് പ്രായോഗിക നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുകയും അത് പ്രാവർത്തികമാക്കി പൊതുവിദ്യാലയങ്ങളിലെ നിലവാരം മെച്ചപ്പെട്ടതാണെന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ മേഖലയിലെ പഞ്ചാത്തിൻറെ കാഴ്ചപ്പാട്.

ആരോഗ്യ മേഖലയിൽ ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് പഞ്ചായത്തിൻറെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.ആയതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയിട്ടുള്ളതാണ്. കൂടാതെ മെച്ചപ്പെട്ട സൗകര്യങ്ങളൊരുക്കിയും ആധുനിക ചികിത്സാ ഉപകരണങ്ങൾ വ്യാപിപ്പിച്ചും ആരോഗ്യ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനോടൊപ്പം നല്ല ഭക്ഷണം ഉറപ്പ് വരുത്തി നല്ല ആരോഗ്യം എന്ന കാഴ്ചപ്പാട് സാധ്യമാകുന്ന രീതിയിലുള്ള

പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നു.ജീവിത ശൈലീ രോഗങ്ങൾ ഒരു ഭീഷണിയായി വളർന്നു വന്നിരിക്കുന്ന സാഹചര്യത്തിൽ ഇതിനെ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്ന നിലയിൽ നിരവധി പദ്ധതികൾ പഞ്ചായത്ത് വിഭാവനം ചെയ്തിട്ടുണ്ട്. ഈ ദിശയിലുള്ള ഒരു പ്രധാന പ്രവർത്തനമാണ് ആയുർവേദ ഡിസ്പെൻസറി മുഖാന്തരം നടപ്പിലാക്കുന്ന ആയുഷ് ന്റെ യോഗ പരിശീലനം. ഇതു വഴി സമൂഹത്തിലെ എല്ലാ തുറകളിൽപ്പെട്ടവരെയും ജാതി–മത–വർഗ–വർണ്ണ–ലിംഗ വ്യത്യാസമില്ലാതെ ഒന്നിപ്പിക്കുന്നതിനും, ജനതയുടെ മാനസിക–ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് വിവക്ഷിക്കുന്ന വികസന പരിപ്രേക്ഷ്യം പ്രാവർത്തികമാക്കുന്നതിന് ഓരോന്നിനെയും ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങളാക്കി തിരിക്കേണ്ടതുണ്ട്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടു കൊണ്ടാണ് 2026–27 വാർഷിക പദ്ധതിയും, പഞ്ചവത്സര പദ്ധതിയും രൂപപ്പെടുത്തിയിരിക്കുന്നത്.ഗ്രാമപഞ്ചായത്ത് വിവക്ഷിക്കുന്ന വികസന പരിപ്രേക്ഷ്യം പ്രവർത്തികമാക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ മുൻകണ്ടുക്കൊണ്ടുള്ള പ്രവർത്തന രീതിയാണ് ഈ വാർഷിക പദ്ധതി അവലംബിച്ചിട്ടുള്ളത്.

## അദ്ധ്യായം – 5

## വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

പഞ്ചായത്തിൻറെ വികസന പരിപ്രേക്ഷ്യവും അതുമായി ബന്ധപ്പെട്ട ലക്ഷ്യപ്രാപ്തിയും കൈവരിക്കുന്നതിന് പഞ്ചായത്തിൻറെ തനത് വരുമാനവും പദ്ധതിവിഹിതവും മാത്രം മതിയാവുകയില്ല. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകളെ ഏകോപിപ്പിച്ചും, ഉദാരമതികളുടെ സംഭാവനകളും, സ്പോൺസർഷിപ്പുകളും പ്രയോജനപ്പെടുത്തി കൊണ്ടുള്ള വിഭവ സമാഹരണമാണ് ഉദ്ദേശിക്കുന്നത്. സാമ്പത്തിക വിഭവങ്ങൾക്കൊപ്പം സാമ്പത്തികേതര വിഭവ സമാഹരണവും പഞ്ചായത്ത് ലക്ഷ്യമിടുന്നു. ഈ അടിസ്ഥാനത്തിലുള്ള വിവിധ പദ്ധതി നിർദ്ദേശങ്ങളും, വകയിരുത്തലുകളും ഉൾക്കൊള്ളിച്ചുള്ള വാർഷിക പദ്ധതിക്കും പഞ്ചവത്സര പദ്ധതിക്കുമാണ് രൂപം കൊടുത്തിട്ടുള്ളത്.

| | | | |
|---|---|---|---|
| 1 | വികസന ഫണ്ട് | ജനറൽ | 20564000 |
| | | പട്ടികജാതി | 4498000 |
| 2 | മെയിൻറനൻസ് ഫണ്ട് | റോഡ് | 11391000 |
| | | റോഡിതരം | 5182000 |
| 3 | 15-ാം ധനകാര്യ കമ്മീഷൻ | | 0 |
| 4 | തനത് ഫണ്ട് | | 1497920 |
| 5 | കേന്ദ്രാവിഷ്കൃതം | | |
| 6 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | 1375000 |
| 7 | ജില്ലാ പഞ്ചായത്ത് വിഹിതം | | 3300000 |
| 8 | മറ്റുള്ളവ | | 2875000 |
| | | ആകെ | **50682920** |

## അദ്ധ്യായം – 6

## പദ്ധതികൾ-മേഖല തിരിച്ച്

**ഉൽപ്പാദനം : 39.46 %** (നിലവിലെ വകയിരുത്തൽ)

| | |
|---|---|
| 1 | നെൽകൃഷി വികസന പദ്ധതി |
| 2 | തെങ്ങ് കൃഷി വികസന പദ്ധതി |
| 3 | സമഗ്രപച്ചക്കറി വികസന പദ്ധതി |
| 4 | ഇടവിള കൃഷി വ്യാപനം |
| 5 | കമുക് കൃഷി വ്യാപനം |
| 6 | പന്തല്ലൂർ പാടശേഖരത്തിന് ബോർവെൽ പമ്പ് ഹൌസ് മോട്ടോർ ഇലക്ട്രിഫിക്കേഷൻ |
| 7 | പഴുന്നാന പാടശേഖരത്തിന് ബോർവെൽ പമ്പ് ഹൌസ് മോട്ടോർ ഇലക്ട്രിഫിക്കേഷൻ |
| 8 | പാടശേഖരങ്ങളിൽപെട്ടെന്നുണ്ടാകുന്ന കീട രോഗനിയന്ത്രണം |
| 9 | എബിസി പ്രോഗ്രം |
| 10 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി |
| 11 | മിനി ഡയറി ഫാം ആധുനിക വത്കരണം |
| 12 | പൊതുകിണറുകളുടെ നവീകരണവുംഅറ്റകുറ്റപ്പണികളും |
| 13 | വനിതാ തൊഴിൽ സംരംഭം (വ്യക്തിഗതം ) |
| 14 | മുട്ടക്കോഴി വിതരണം |
| 15 | തെരുവ് നായ വാക്സിനേഷൻ |

| | |
|---|---|
| 16 | കറവപ്പശു കാലിത്തീറ്റ വിതരണം |
| 17 | പശുക്കൾക്ക് ധാതു ലവണ മിശ്രിതം  വിതരണം |
| 18 | ജലസേചനത്തിനായി  മൂന്ന് കൾവെർട്ട്നിർമ്മിക്കൽ |
| 19 | കന്നുകുട്ടി പരിപാലനം |

**സേവനം : <u>89.19% (വകയിരുത്തൽ)</u>**

| | |
|---|---|
| 1 | കണ്ടിജൻസി ഫണ്ട്- കൃഷിഭവൻ |
| 2 | ഹോമിയോ ഡിസ്‌പെൻസറിയിലേക്ക് മരുന്ന്  വാങ്ങൽ |
| 3 | കണ്ടിജൻസി ഫണ്ട്- ഹോമിയോ |
| 4 | പാലിയേറ്റിവ്  കെയർ  പ്രോഗ്രാം |
| 5 | FHC മരുന്ന്  വാങ്ങിക്കൽ |
| 6 | സമഗ്ര  ആരോഗ്യ വികസനം |
| 7 | NCD മരുന്ന് വാങ്ങിക്കൽ |
| 8 | FHC  യിലേക്ക്  ഫർണിച്ചർ  വാങ്ങിക്കൽ |
| 9 | എഫ്.എച്ച്. സി.യിലേക്കു  ഇൻവെർട്ടർ  വാങ്ങിക്കൽ |
| 10 | വയോജനങ്ങൾക്ക് ജീവിത ശൈലീ രോഗ ങ്ൾക്കുള്ള മരുന്ന് വിതരണം |
| 11 | പി.എച്ച്.സി യിലേക്ക് അനുബന്ധ ചിലവുകൾക്കുള്ള തുക |
| 12 | പാലിയേറ്റീവ് ദിനാചരണം |
| 13 | ഡയാലിസിസ് ചെയ്യുന്നതിനുള്ള സബ്സിഡി |
| 14 | പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങിക്കൽ |
| 15 | അതിദരിദ്രർക്ക് സൗജന്യ മരുന്ന് വാങ്ങിക്കൽ |
| 16 | എഫ്.എച്ച്.സി.യിലേക്ക് സോളാർ പാനൽ |
| 17 | ജീവിത ശൈലി രോഗങ്ങൾക്ക് മരുന്ന് വാങ്ങൽ |

| | |
|---|---|
| 18 | ഗവ ആയുർവേദ ഡിസ്പെൻസറിയുടെ ആവർത്തന ചിലവുകൾ |
| 19 | ആയുർവേദ ഡിസ്പെൻസറിയിൽ സിസി ടിവി ക്യാമറ സ്ഥാപിക്കൽ |
| 20 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങിക്കൽ |
| 21 | പകൽ വീട് അനുബന്ധപ്രവർത്തനങ്ങൾ |
| 22 | അങ്കണവാടി അനുപൂരക പോഷകാഹാരം |
| 23 | അങ്കണവാടി കലോത്സവം |
| 24 | ഭിന്നശേഷി കലോൽസവം |
| 25 | കണ്ടിജന്റ് ചിലവുകൾ ഐ സി ഡി എസ് ഓഫീസ് |
| 26 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ |
| 27 | വയോജനങ്ങൾക്ക് ഉപകരണങ്ങൾ |
| 28 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠന സഹായവും ബത്തയും |
| 29 | അങ്കണവാടിയിലേക്കുള്ള സാമഗ്രികൾ വാങ്ങൽ |
| 30 | വയോജനങ്ങൾക്ക് കട്ടിൽ |
| 31 | വിവാഹധനസഹായം എസ് സി പി |
| 32 | ബാലസഭ |
| 33 | ആശ്രയ അതിദരിദ്ര കുടുംബങ്ങളുടെ ഹരിതകർമ്മസേന യൂസർഫീ |
| 34 | കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് എസ് സി പി |
| 35 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| 36 | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -എസ് സിപി |
| 37 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എസ് സി പി |
| 38 | അഗതിരഹിത കേരളം ആശ്രയ |
| 39 | ഫോട്ടോ കോപ്പിയർ മെഷീൻ എ എം സി |
| 40 | ക്ഷയരോഗികൾക്ക് പോഷാകാഹാര കിറ്റ് വിതരണം |

| | |
|---|---|
| 41 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് ചെലവുകൾ |
| 42 | ഐ എസ് ഒ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ |
| 43 | എസ് എസ് കെ വിഹിതം നൽകൽ |
| 44 | ഐകെഎം വിഹിതം നൽകൽ |
| 45 | കമ്പ്യൂട്ടർ എഎംസി |
| 46 | ടെക്നിക്കൽ അസിസ്റ്റൻ്റിന് ഹോണറേറിയം |
| 47 | കേരളോത്സവം |
| 48 | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം |
| 49 | പ്രോജക്ട് അസിസ്റ്റന്റിന് വേതനം |
| 50 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ |
| 51 | സമേതം |
| 52 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ സ്ഥാപിക്കൽ |
| 53 | ദുരന്തനിവാരണ പ്രവർത്തനങ്ങൾ |
| 54 | പഞ്ചായത്ത് പൊതുസ്ഥലത്തെ അപകടകരമായ മരങ്ങൾ മുറിച്ചു നീക്കൽ |
| 55 | വിവിധ sc കുടിവെള്ളപദ്ധതികളുടെ മോട്ടോർ റിപ്പയർ |
| 56 | ലൈഫ് ഭവന നിർമ്മാണം എസ് സി |
| 57 | ലൈഫ് സ്ഥലം വാങ്ങൽ എസ് സി |
| 58 | വീട് വാസയോഗ്യമാക്കൽ എസ്സി |
| 519 | റിംഗ് കമ്പോസറ്റ് ശുചിത്വം |
| 60 | ടോയ്ലറ്റ് റിപ്പയർ ശുചിത്വം |
| 61 | വീട് വാസയോഗ്യമാക്കൽ ജനറൽ |
| 62 | ലെഗസി വേസ്റ്റ് കൈമാറ്റം |
| 63 | ലൈഫ് ഭവനനിർമ്മാണം |

| | |
|---|---|
| 64 | ലൈഫ് സ്ഥലം വാങ്ങൽ |
| 65 | പ്രധാന കവലകളിൽ ബോട്ടിൽ ബൂത്ത് |
| 66 | ഹരിതകർമ്മ സേന അനുബന്ധ സാമഗ്രികൾ വാങ്ങൽ- ശുചിപൂർണ്ണ |
| 67 | പിഎംഎവൈ വിഹിതം കൈമാറൽ |
| 68 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹന സൌകര്യം |
| 69 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ കണ്ടിൻജൻസി ചിലവുകൾ |
| 70 | മെൻസ്ട്രുവൽ കപ്പ് വിതരണം |
| 71 | ഭിന്നശേഷിക്കാർക്ക് തൊഴിൽസംരംഭം (വ്യക്തിഗതം) |
| 72 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| 73 | മൃഗാശുപത്രിയുടെ ആവർത്തന ചിലവുകൾക്ക് തക കണ്ടെത്തൽ |
| 74 | മൃഗാശുപത്ത്രിയിലേക്ക് സ്വീസ് കേജ് വാങ്ങൽ |
| 75 | അറിവകം വായനശാലയിലേക്ക് പുസ്കകങ്ങൾ വാങ്ങൽ |
| 76 | അറിവകത്തിലേക്ക് ആനുകാലികങ്ങൾ വാങ്ങൽ |
| 77 | തുടർ സാക്ഷരതാ പ്രവർത്തനം |
| 78 | തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾ വാങ്ങൽ |
| 79 | എല്ലാ വാർഡിലെയും പ്രധാന ഭാഗങ്ങളിൽ പ്രകാശം കൂടിയ എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കൽ |
| 80 | കുടുംബശ്രീ സംരംഭകർക്ക് റീവോൾവിംഗ് ഫണ്ട് നല്കൽ |
| 81 | ജീവിത ശൈലി രോഗങ്ങളുടെ പരിശോധന മൊബൈൽ യൂണിറ്റുകൾ ഇരു ചക്ര വാഹനം ഉൾപ്പെടെ |
| 82 | അങ്കണവാടിയിലേക്കുള്ള ഫയർ എക്സ്റ്റിഗ്യുഷർ വാങ്ങി സ്ഥാപിക്കൽ |
| 83 | സ്പിൽ ഓവർപദ്ധതികൾക്കായി വകയിരുത്തുന്ന തുക |
| 84 | ജെൻഡർ റിസോഴ്സ് സെന്റർ |
| 85 | എം സി എഫിൽ ക്യാമറ സ്ഥപിക്കൽ |

**പശ്ചാത്തലം: 100% (വകയിരുത്തൽ)**

| | |
|---|---|
| 1 | തെരുവ് വിളക്ക് സ്ഥാപിക്കൽ |
| 2 | തെരുവ്വിളക്ക് പ്രകാശിപ്പിക്കൽ എ എം സി |
| 3 | കണ്ടിജൻറ് ചിലവുകൾ(വി ല്ലേജ് എക്സ്റ്റൻഷൻ ഓഫീസ്) |
| 4 | വിവിധ റോഡുകളുടെ നവീകരണം |
| 5 | വിവിധ കാനകളുടെ നിർമ്മാണം |
| 6 | അംഗനവാടികളുടെ അറ്റക്കുറ്റപണി |
| 7 | വനിത ഓപ്പൺജിംനേഷ്യം സ്ഥാപിക്കൽ |
| 8 | എസ് സി കോളനി റോഡ് നവീകരണ പ്രവർത്തനങ്ങൾ |
| 9 | വിവിധ എസ് സി നഗറുകളിൽ കുടിവെള്ള പദ്ധതികൽ |
| 10 | വനിത ശുചിമുറി |

# അദ്ധ്യായം 7

## പ്രത്യേക പദ്ധതികൾ പരിപാടികൾ

### പട്ടികജാതി ഉപപദ്ധതികൾ

സ്വാതന്ത്ര്യം നേടി ഏഴ് പതിറ്റാണ്ട് പിന്നിട്ടുമ്പോഴും ഇന്ത്യയിലെ പിന്നോക്ക പട്ടികജാതി വിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക പദ്ധതി വളരെ ദയനീയമാണ്. പല ഉത്തരേന്ത്യൻ സംസ്ഥാരങ്ങളിലും അടിമ തുല്യമായ തൊഴിൽ സാഹചര്യം നിലനിൽക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ മറ്റ് പല സാമൂഹിക സാഹചര്യങ്ങളിലും എന്ന പോലെ കേരളവും വേറിട്ട പാതയിലാണ്. 1957 ലെ ആദ്യ ജനകീയ മന്ത്രി സഭയുടെ ധീരോദാത്തമായ ഭൂപരിഷ്കരണ നിയമങ്ങളും വിദ്യഭ്യാസ നിയമങ്ങളും ഈ വിഭാഗം ജനങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സഹായകരമായിട്ടുണ്ട്.

ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 10 ശതമാനം വരുന്ന ജനവിഭാഗമാണ് പട്ടികജാതി വിഭാഗം. ചരിത്രപരമായ കാരണങ്ങളാൽ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഈ വിഭാഗം പൊതുവേ പിന്നോക്കവസ്ഥയിലാണ്. പ്രധാനമായും കാർഷിക മേഖലയെ ആശ്രയിച്ചുള്ള തൊഴിലുകളാണ് ഈ വിഭാഗം ജനതയുടെ പ്രധാന ഉപജീവനമാർഗ്ഗം. നിർമ്മാണ മേഖല രംഗത്തും ഈ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിൽ ശക്തി നല്ല ഒരളവോളം വിനിയോഗിക്കപ്പെട്ടു വരുന്നുണ്ട്.

ഭൂപരിഷ്കരണ നിയമത്തിൻറെ പിൻബലത്തിൽ 10 സെൻറ് ഭൂമിയുടെ അവകാശികളായി മാറിയ ഇവിടുത്തെ പട്ടികജാതി വിഭാഗം ജനത. എന്നാൽ പിന്നീട് കുടുംബ ഭാഗം വെപ്പുകളുടെ ഭാഗമായി 10 സെൻറ് ഭൂമി തുണ്ടുകളായി മുറിയപ്പെടുകയും പുതിയ തലമുറയിൽപ്പെട്ട ഈ വിഭാഗത്തിലെ പലരും ഭൂരഹിതരായി മാറിയിരിക്കുന്ന അവസ്ഥയും സംജാതമായിട്ടുണ്ട്. നവഉദാരവൽക്കരണത്തിൻറെ പുതിയ കാലത്ത് നിലനിൽപ്പിനായുള്ള പോരാട്ടത്തിൽ കിടപ്പാടം വിൽക്കേണ്ടി വരുന്ന ദുരവസ്ഥയും ഈ വിഭാഗം ജനങ്ങൾക്ക് പ്രത്യേകമായി ഉണ്ടായിട്ടുണ്ട്. കാർഷിക മേഖലയിലെയും നിർമ്മാണ മേഖലയിലെയും പ്രതിസന്ധികൾ ഈ വിഭാഗം ജനങ്ങളുടെ തൊഴിലിനെയും അതു വഴി വരുമാനത്തിനെയും ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ഈ പ്രതിസന്ധികൾ സൃഷ്ടിക്കുന്ന ക്ലേശാവസ്ഥ ഇവിടുത്തെ പട്ടികജാതി വിഭാഗം ജനങ്ങളുടെ സാമൂഹിക ആരോഗ്യ വിദ്യാഭ്യാസ വളർച്ചയെ തടസപ്പെടുത്തുന്നതിനും ഇടയായിട്ടുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കഴിഞ്ഞ 20 വർഷക്കാലത്ത് പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളുടെ ഫലമായി ഒരു പരിധി വരെ ഈ പ്രതിസന്ധികളെ അതിജീവിക്കുന്നതിന് ഇവിടുത്തെ പട്ടികജാതി വിഭാഗത്തിന് ഏറെ പ്രാപ്തമാക്കിയിട്ടുണ്ട്. എന്നാൽ പലപ്പോഴും വികസന ലക്ഷ്യങ്ങളുടെയും കാഴ്ചപ്പാടുകളുടെയും നൈരന്തര്യം നഷ്ടപ്പെട്ടത് പൊതുവെ വികസനക്ഷേമ രംഗങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള പിന്നോക്കാവസ്ഥ ഈ വിഭാഗം ജനങ്ങൾക്ക് പ്രത്യേകിച്ചും ബാധിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിലാണഅ 14–ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വികസനക്ഷേമ പ്രവർത്തനങ്ങളുടെ പാത പിന്തുടർന്നു കൊണ്ട് ഇടക്കാലത്ത് നഷ്ടപ്പെട്ട വികസനക്ഷേമ ലക്ഷ്യങ്ങളുടെ വീണ്ടെടുപ്പിന് ഈ പദ്ധതിരേഖയിൽ ആവശ്യമായ പദ്ധതികള്ഡ വിഭാവനം ചെയ്തിരിക്കുന്നത്. ചിട്ടയായ പ്രവർത്തനത്തിലൂടെ വരുന്ന 3 വർഷക്കാലത്തിനുള്ളിൽ ഈ വിഭാഗം ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് കഴിയുമെന്ന ഉത്തമവിശ്വാസം ചൊവ്വന്നൂർ

ഗ്രാമപഞ്ചായത്തിനുണ്ട്.പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങിക്കുന്നതിനുള്ള പദ്ധതി, പട്ടികജാതി യുവതികളുടെ വിവാഹ ധനസഹായം നിലവിലെ വീടുകൾ താമസയോഗ്യമാക്കുന്നതിനുള്ള പദ്ധതി, ഭവനരഹിതർക്ക് വീടൊരുക്കുന്ന ലൈഫ് പദ്ധതി തുടങ്ങിയവ ഈ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യുവതീയുവാക്കൾക്കുള്ള തൊഴിൽ സംരഭ പദ്ധതിയും പ്രത്യേക ശ്രദ്ധ ആകർഷിക്കുന്നതാണ്.

2026–27 ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകൾ

| ക്രമ നം | പദ്ധതിയുടെ പേര് |
|---|---|
| 1 | വിവാഹധനസഹായം– എസ് സി പി |
| 2 | കുടുംബങ്ങൾക്ക് വാട്ടർടാങ്ക്– എസ് സി പി |
| 3 | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്– എസ് സി പി |
| 4 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| 5 | പട്ടികജാതി വിദ്യാർത്ഥികള്ക്ക് ലാപ്ടോപ്പ് |
| 6 | ലൈഫ് ഭവന നിർമ്മാണം എസ് സി (പാർപ്പിടം) |

## വനിത ഘടക പദ്ധതി

സ്ത്രീ ശാക്തീകരണരംഗത്ത് ഉജ്ജ്വല മാതൃകകൾ ഉയർന്ന് വരുന്നതിനുതകുന്ന പദ്ധതികൾ രൂപം കൊടുക്കുന്നതിന് വാർഷിക പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ട്. ഒരു ഭാഗത്ത് സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ നടക്കുമ്പോഴും മറുഭാഗത്ത് ലിംഗ വിവേചനത്തിന്റെ പ്രകടമായ പ്രവൃത്തികൾ പലഭാഗങ്ങളിൽ നിന്നും ഉയർന്ന് വരുന്നത് ആശങ്കാജനകമാണ്. മതവും ജാതിയും ആൺകോയ്മ സംസ്കാരവും സ്ത്രീയുടെ സ്വത്വ ബോധത്തിന് വിലങ്ങിടുന്ന കണ്ണികളായി പരിണമിച്ചിട്ടുണ്ട്. മനുഷ്യ സമൂഹത്തിന്റെ പകുതിയോളം വരുന്ന സ്ത്രീ വിഭാഗത്തിന്റെ ഉന്നമനവും ക്ഷേമവും ഉറപ്പുവരുത്താതെ നമ്മുക്ക് മുന്നോട്ടു പോകാനാവില്ല.

ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീ സമൂഹത്തിൻറെ പ്രത്യേകമായ വികസനക്ഷേമവും ഈ വാർഷിക പദ്ധതി ലക്ഷ്യം വെക്കുന്നു. തുല്യത എന്നത് അലങ്കാര പ്രയോഗം മാത്രമായി മാറുകയും വ്യക്തി ജീവിതത്തിലും പൊതു ജീവിതത്തിലും തുല്യതാ നിക്ഷേപത്തിൻറെ പ്രത്യക്ഷവും പരോക്ഷവുമായ യാഥാർത്ഥ്യങ്ങൾ ഇവിടുത്തെ സ്ത്രീസമൂഹം അനുഭവിക്കുന്നുണ്ട്. സ്ത്രീ എന്നത് ഉപഭോഗത്തിനുള്ള ഒരു വസ്തുവായി കമ്പോളത്തിനും അടുക്കള ജോലിക്കാരിയായി വീടുകളിലും, സൗന്ദര്യ വസ്തുവായി തെരുവിലും ആഘോഷിക്കപ്പെടുകയാണിന്ന്. സ്ഥാപനവൽക്കരിക്കപ്പെട്ട സാമൂഹിക സംവിധാനങ്ങളുടെ ജീർണ്ണതയും ഉദാരീകരണ കാലത്തിൻറെ ഉപഭോഗതൃഷ്ണയും ഈ കാഴ്ചപ്പാടിന് അരക്കെട്ടുറപ്പിക്കുന്നുണ്ട്.

അധികാരവികേന്ദ്രീകരണത്തിൻറെ സൂക്ഷ്മതല പ്രവർത്തനങ്ങളും കുടുംബശ്രീ സംഘടന പ്രവർത്തനങ്ങളും ജാഗ്രതാ സമിതി പ്രവർത്തനങ്ങളും വഴി വനിതാ ശാക്തീകരണ രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കാനായിട്ടുണ്ട്. എങ്കിലും, ഈ രംഗത്ത് ഒരുപാട് മുന്നേറാനുണ്ട് എന്നത് ഒരു വസ്തുതയാണ്. സ്ത്രീയെ ഒരു വ്യക്തിയായിക്കണ്ടും, സ്ത്രീ സമൂഹത്തെ പൊതുസമൂഹത്തിൻറെ

അവിഭാജ്യമായ ഭാഗമായി കണ്ടു കൊണ്ടുള്ള ഒരു വികസന പരിപ്രേക്ഷ്യം ഉരുത്തിരിഞ്ഞു വരേണ്ടതുണ്ട്. ഈ ദിശയിൽ ഊന്നിയുള്ള പദ്ധതികളാണ് വനിതഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കാർഷിക മേഖലയിലും, മൃഗസംരക്ഷണ മേഖലയിലും ഉൾപ്പെടുത്തിയുള്ള വികസനപദ്ധതികളിലും സേവനരംഗത്തെ പദ്ധതികളിലും സ്ത്രീസംരഭകത്വ പദ്ധതികൾ ഏറ്റെടുക്കുന്നതിനും, സ്ത്രീ ശാക്തീകരണം ലക്ഷ്യം വെച്ചുള്ള വനിത സ്വയം തൊഴിൽ സംരംഭം ,കാർഷിക മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുക ,ഹരിത കർമ്മ സേന പ്രവർത്തനങ്ങളിലൂടെ വനിതകളുടെ സാമ്പത്തിക ഉന്നമനം എന്നിവ ലക്ഷ്യം വെച്ചുകൊണ്ടുള്ള പദ്ധതികൾ ഈ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വനിതകൾക്കുള്ള തൊഴിൽ സംരഭ പദ്ധതിയിൽ പട്ടികജാതി യുവതികൾക്കുള്ള വിവാഹ ധനസഹായ പദ്ധതി, സ്ത്രീ പദവിയെ അംഗീകരിക്കുന്നതിനും സ്ത്രീ ശാക്തീകരണം ഉറപ്പ വരുത്തുന്നതിനും ലക്ഷ്യം വയ്ക്കുന്ന പദ്ധതികളാണ്.

<u>2026–27 ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകൾ</u>

| ക്രമ നം | പദ്ധതിയുടെ പേര് |
|---|---|
| 1 | ജീവിത ശൈലി രോഗങ്ങളുടെ പരിശോധന മൊബൈൽ യൂണിറ്റുകൾ, ഇരുചക്ര വാഹനം ഉൾപ്പെടെ (Women) |
| 2 | സ്വയംതൊഴിൽ വനിതാ വക്തിഗതം (Women) |
| 3 | വനിത ഓപ്പൺ ജിം (Women) |

<u>സാമൂഹ്യ സുരക്ഷാ പദ്ധതി</u>

വികസന പ്രവർത്തനങ്ങളുടെ ശ്രദ്ധ പലപ്പോഴും മുഖ്യധാര ജനവിഭാഗവുമായി ബന്ധപ്പെട്ട മാത്രമാണ് നിലകൊണ്ടു വരുന്നത്. പാർശ്വവൽക്കരിക്കപ്പെട്ടവരും സമൂഹത്തിൻറെ ആശ്രയത്വം ആവശ്യമുള്ളതുമായ വിഭാഗങ്ങളെ പരിഗണിച്ചും അവരുടെ ആവശ്യങ്ങളെയും, ആവലാതികളെയും കണ്ടറിഞ്ഞുമുള്ള പദ്ധതികളും പരിപാടികളും ഒരുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിക്കാണാറില്ല. കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗ വിഭാഗക്കാർ, വയോജനങ്ങൾ, കിടപ്പുരോഗികൾ തുടങ്ങിയ സമൂഹത്തിൻറെ ശ്രദ്ധയും പരിചരണവും ആവശ്യമുള്ള വിഭാഗങ്ങളുടെ കൂടി ക്ഷേമവും പുരോഗതിയും ലക്ഷ്യം കണ്ടു കൊണ്ടുള്ള പദ്ധതികൾ കൂടി വികസന പദ്ധതികളുടെ ഭാഗമാകേണ്ടതുണ്ട്.

പുതിയകാലം സൃഷ്ടിച്ച സാമൂഹ്യ സമ്മർദ്ദങ്ങൾ ഏറെ നേരിടുന്നവരാണ് കുട്ടികളും വൃദ്ധരും ഭിന്നലിംഗക്കാരുമായ വിഭാഗത്തിൽപ്പെട്ടവർ, ഇവരുടെ പ്രത്യേക ആവശ്യങ്ങൾ കണ്ടറിഞ്ഞു കൊണ്ടുള്ള പദ്ധതികൾ വികസന പ്രവർത്തനങ്ങളുടെ ഭാഗമാകേണ്ടതുണ്ട്. ബാലസഭ പ്രവർത്തനം ഒരു പദ്ധതി എന്ന നിലയിൽ ഏറ്റെടുത്തിട്ടുള്ളത് കുട്ടികളുടെ ശാക്തീകരണം ലക്ഷ്യം

വെച്ചാണ്. കുട്ടികളുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനുമുള്ള വിവിധങ്ങളായ പരിപാടികൾ ഇതിൻറെ ഭാഗമായി ഏറ്റെടുക്കാനാകും. വർദ്ധിച്ച് വരുന്ന ലിംഗ അസമത്വം ഒഴിവാക്കുന്നതിനും, പരസ്പര ബഹുമാനവും ഉയർന്ന വ്യക്തിത്വവും കുട്ടികളിൽ രൂപപ്പെടുത്തുന്നതിനും, ബാലസഭ സംഘടന പ്രവർത്തനങ്ങൾ ഉപകരിക്കും. ഇതോടൊപ്പം തന്നെ കുട്ടികളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനും, ശുചിത്വ ശീലം, വായന ശീലം തുടങ്ങിയ ഗുണങ്ങൾ വളർത്തിയെടുക്കുന്നതിനുള്ള പരിപാടികളും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സമൂഹത്തിൻറെ ശ്രദ്ധ ഏറെ ആവശ്യമുള്ള ഒരു വിഭാഗമാണ് വയോജനങ്ങൾ. ഉയർന്ന ആയുർദൈർഘ്യം ഒരു വികസനസൂചികയായി കേരളത്തിൻറെ അഭിമാനമായി നിലനിൽക്കുമ്പോൾ തന്നെ വർദ്ധിച്ചു വരുന്ന മുതിർന്ന പൗരന്മാരുടെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിന് നാളിതു വരെയുള്ള പദ്ധതികളിൽ വേണ്ടത്ര പരിഗണനകൾ ഉണ്ടായിട്ടില്ലെന്ന യാഥാർത്ഥ്യവും നാം മനസ്സിലാക്കേണ്ടതുണ്ട്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുള്ള പ്രവർത്തന പദ്ധതികൾ ഈ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സുജീവനം-ശാരീരിക മാനസിക ആരോഗ്യ പാർക്ക് ഈ ദിശയിലുള്ള ഒരു ചുവടു വെയ്പായിരുന്നു. ഇതിനെ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രായമായവരുടെ ആരോഗ്യ പരിചരണം ലക്ഷ്യം വെച്ചുള്ള മൊബൈൽ ക്ലീനിക്കുകൾ, സ്വാന്തനം, കട്ടിൽ വിതരണം, ആയുർവ്വേദ അലോപ്പതി ക്യാമ്പുകൾ എന്നിവയെല്ലാം ഈ ദിശയിലൂന്നി ഏറ്റെടുത്തിട്ടുള്ള പദ്ധതികളാണ്. ജീവിതത്തിൻറെ നല്ല പങ്ക് കുടുംബത്തിൻറെയും സമൂഹത്തിൻറെയും പുരോഗതിക്ക് വേണ്ടി മാറ്റി വെച്ച മുതിർന്ന പൗരന്മാരെ ആദരിക്കുകയും ബഹുമാനിക്കുകയും പരിചരിക്കുകയും എന്നത് ഓരോരുത്തരുടെയും വ്യക്തിപരമായതും സമൂഹത്തിൻറെ ഒന്നാകെയുള്ളതുമായ കടമയാണെന്ന ബോധ്യം വളർത്തിയെടുക്കുന്ന പ്രവർത്തന പരിപാടികളും നമുക്ക് ഏറ്റെടുക്കേണ്ടതുണ്ട്.

സമൂഹത്തിൻറെ ശ്രദ്ധയും പരിചരണവും ഏറ്റവും കൂടുതൽ ആവശ്യപ്പെടുന്ന മറ്റൊരു രംഗമാണ് പാലിയേറ്റീവ് മേഖല. കിടപ്പ് രോഗികളായി മാറി സാമൂഹ്യ ബന്ധം വിച്ഛേദിക്കപ്പെട്ട് പലപ്പോഴും നാല് ചുവരുകൾക്കുള്ളിലെ ഏകാന്തതയിൽ കാലം കഴിക്കപ്പെടുന്ന കിടപ്പ് രോഗികളായ ഒരു ന്യൂനപക്ഷം നമ്മുടെ സമൂഹത്തിലുണ്ട്. ഇത്തരം കിടപ്പ് രോഗികളുടെ കുടുംബ പശ്ചാത്തലത്തിലെ മാനസിക-സാമ്പത്തിക പിന്നോക്കാവസ്ഥകൾ ഇത്തരക്കാരുടെ ജീവിതത്തെ ഏറെ പരിതാപകരമാക്കും. ഭക്ഷണത്തിനും മരുന്നിനും ഉപരി ഒരു സാന്ത്വന വാക്ക് ആഗ്രഹിക്കുകയും കൊതിക്കുകയും ചെയ്യുന്ന പലരും ഇക്കൂട്ടത്തിലുണ്ട്. ഈ യാഥാർത്ഥ്യത്തെ മനസ്സിലാക്കി കൊണ്ടുള്ള പദ്ധതികളാണ് നമുക്കുണ്ടാവേണ്ടത്.

ആരോഗ്യ വകുപ്പ് പ്രവർത്തകരുടെയും, ആശാ, കുടുംബശ്രീ സന്നദ്ധ പ്രവർത്തകരുടെയും സഹകരണത്തോടെയുള്ള പാലിയേറ്റീവ് കെയർ പദ്ധതിക്ക് ഈ വാർഷിക പദ്ധതിയിൽ പണം വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ ജനപ്രതിനിധികളും സന്നദ്ധ പ്രവർത്തകരുമടങ്ങുന്ന ഒരു ടീമിന് രൂപപ്പെടുത്തി ഓരോ പ്രദേശത്തെയും കിടപ്പുരോഗികളെയും വൃദ്ധരെയും വീടുകളിൽ ചെന്ന് വിശേഷം തിരക്കുന്ന സൗഹൃദം പദ്ധതിയും ഈ വാർഷിക പദ്ധതിയുടെ ഒരു പ്രത്യേകതയാണ്.

അതിന്യൂനപക്ഷമെങ്കിലും നമ്മൾ സമൂഹത്തിൻറെ ഭാഗമാണ് ഭിന്നലിംഗ സമൂഹം. മുഖ്യധാരാ സമൂഹത്തിൻറെ ശ്രദ്ധയിൽ പതിയാത്ത ഈ വിഭാഗത്തിൻറെ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്ന പദ്ധതികൾക്കും വാർഷിക പദ്ധതി ലക്ഷ്യമിടുന്നു. ഭിന്നശേഷിക്കാരായ ഇരുന്നൂറോളം ആളുകൾ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. മാനസിക-ശാരീരിക വിഷമതകൾ അനുഭവിക്കുന്ന ഈ വിഭാഗത്തിൻറെ ക്ഷേമം ഉറപ്പ് വരുത്തേണ്ടത്

നമ്മുടെ പ്രഥമ കടമകളിലൊന്നാണ്. തൻറേതല്ലാത്ത കാരണത്താൽ ഒരു പരിധി വരെ നാമുൾപ്പെടുന്ന സമൂഹത്തിൻറെ പ്രത്യക്ഷവും പരോക്ഷവുമായ കാരണങ്ങളാൽ ഭിന്നശേഷിക്കാരായി ജീവിക്കേണ്ടി വരുന്ന ഈ വിഭാഗത്തിന് സാന്ത്വനമരുളുന്ന പദ്ധതികളും ഈ പദ്ധതിരേഖയുടെ ഭാഗമാണ്. ഈ വിഭാഗം വിദ്യാർത്ഥികളുടെ ആവശ്യത്തിലേക്കായി സ്കോളർഷിപ്പിനുള്ള പദ്ധതി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സമൂഹത്തിൻറെ മുഖ്യധാരാ പ്രവർത്തനങ്ങളുമായി കുട്ടികളും വയോജനങ്ങളും ഭിന്നലിംഗക്കാരും ഭിന്നശേഷിക്കാരും എല്ലാമടങ്ങുന്ന സമൂഹത്തെ സമരസപ്പെടുത്തി കൊണ്ടു പോകുന്നതിലൂടെ മാത്രമേ ഗ്രാമസ്വരാജ് സാക്ഷാത്കരിക്കുകയുള്ളൂ.

<u>**2026-27 ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകൾ**</u>

| ക്രമ നം | പദ്ധതിയുടെ പേര് |
|---|---|
| 1 | വയോജനങ്ങൾക്ക് കട്ടിൽ സുശാന്തം (Aged) |
| 2 | വയോജനങ്ങൾക്ക് ജീവിത ശൈലീരോഗ നിർണയവും ആവശ്യത്തിനു മരുന്ന് വിതരണവും (Aged) |
| 3 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (Diff. Abled) |
| 4 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ (Diff. Abled) |
| 5 | ഭിന്നശേഷിക്കാർക്ക് തൊഴിൽ സംരംഭം (Vulnerable) |
| 6 | പാലിയേറ്റീവ് ദിനാചരണം (Paliative) |
| 7 | പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങൽ (Paliative) |
| 8 | പാലിയേറ്റീവ് കെയർ (Paliative) |
| 9 | പകൽ വീട് അനുബന്ധ പ്രവർത്തനങ്ങൾ(Aged) |

## അദ്ധ്യായം 8

## വായ്പാ ബന്ധങ്ങൾ

2022–23 വാർഷിക പദ്ധതി ഗുണഭോക്തൃ സംരംഭങ്ങളെ വായ്പാധിഷ്ഠിതമാക്കി സംരംഭകരിൽ ഉത്തരവാദിത്വബോധവും വരുമാനശീലവും വർദ്ധിപ്പിക്കുന്നതിനാണ് ശ്രമിച്ചിട്ടുള്ളത്.

വരുമാനദായക സംരംഭങ്ങളുടെ കാര്യത്തിൽ വായ്പാബന്ധിത സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വിവിധ ബാങ്ക് അധികൃതരുടെ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾക്ക് ആവശ്യമായ ലഘുവായ്പകൾ ലളിത വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ധാരണയായിട്ടുണ്ട്. ഇതോടൊപ്പം തന്നെ പട്ടികജാതി വിഭാഗം യുവജനങ്ങളുടെ തൊഴിൽശേഷിയെ ഉപയോഗപ്പെടുത്തി കൊണ്ട് ലേബർ സൊസൈറ്റി രൂപീകരിക്കുന്നതിനും, നിർമ്മാണ മേഖലക്കാവശ്യമായ പണിയായുധങ്ങൾ സ്വന്തമാക്കി പ്രവർത്തികൾ ഏറ്റെടുത്ത് വിജയിപ്പിക്കുന്ന നിലയിലേക്ക് സൊസൈറ്റിയെ കൊണ്ടെത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ ആവശ്യത്തിലേക്കുള്ള സാമ്പത്തിക വിഭവ സമാഹരണം ബാങ്ക് വായ്പയിലൂടെ തരപ്പെടുത്തുന്നതിനുള്ള ചർച്ച ബാങ്ക് അധികാരികളുടെ യോഗത്തിൽ പഞ്ചായത്ത് ഉന്നയിച്ചിട്ടുണ്ട്. ആയതിനോട് ക്രിയാത്മക സമീപനമാണ് ബാങ്ക് അധികൃതരുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളത്. ഈ സംരംഭം ഫലപ്രദമായി നടപ്പിലാക്കുന്നതിലൂടെ ഈ വിഭാഗം ആളുകളുടെ വരുമാനത്തിലും അതു വഴി ജീവിത നിലവാരത്തിലും ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാനാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. 2026–27 വാർഷികപദ്ധതിയിൽ ബാങ്കുമായി ലിങ്ക് ചെയ്തുള്ള ലഘു സംരംഭങ്ങൾക്ക് പദ്ധതി ഒരുക്കിയിട്ടുണ്ട്.

# അദ്ധ്യായം 9

## സമഗ്ര പരിപാടികളും സംയോജന സാധ്യതകളും

പ്രാദേശിക ആസൂത്രണത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി കേരളത്തിന്റെ ഗ്രാമ നഗര മേഖലകളിൽ കഴിഞ്ഞ 2 ദശാബ്ദ കാലത്തിനുള്ളിൽ കൈവരിക്കാനായ നേട്ടം നിരവധിയാണ്. മുൻ കാലങ്ങളിലെ ഡിപ്പാർട്ട്മെന്റൽ പദ്ധതികളുടെ യാന്ത്രികതയും പ്രാദേശിക ആവശ്യാധിഷ്ഠിത ഇല്ലായ്മയും മൂലം സംഭവിച്ച അസമത്വ വികസനവും അശാസ്ത്രീയ കാഴചപ്പാടും വികസനത്തിലെ സമഗ്രത എന്ന ആശയത്തിന് സ്ഥാനമില്ലാതാക്കി.

എന്നാൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പ്രാദേശികാസൂത്രണ വികസനം സാധ്യമായതോടെ ഈ രീതിക്ക് ഏറെ മാറ്റം വന്നു. ശക്തിപ്പെട്ട പ്രാദേശിക സർക്കാരുകൾ രൂപമെടുക്കുകയും സാമ്പത്തിക അധികാരം നിയമാനുസൃതമാക്കുകയും ജനകീയാസൂത്രണം എന്ന സങ്കൽപ്പം സക്രിയമാകുകയും ചെയ്തതോടെ വികസന സങ്കൽപ്പെ തന്നെ മാറി മറിഞ്ഞ കാഴ്ചയാണ് നാം കണ്ടത്. ഡിപ്പാർട്ട്മെന്റൽ പദ്ധതികളുടെ കേവല വികസന സമീപനത്തിന് പകരം സമഗ്ര വികസനം എന്ന ക്രിയാത്മക കാഴ്ചപ്പാട് യാഥാർത്ഥ്യമാവുകയായിരുന്നു. വിവിധ മേഖലകൾക്ക് തനതായ പദ്ധതികൾ ആവിഷ്കരിക്കുമ്പോഴും പ്രദേശത്തെ സാധ്യതകളെ ഉപയോഗപ്പെടുത്തി സമഗ്ര വികസനമെന്ന ആശയത്തെ ആവിഷ്ക്കരിക്കുന്നതിനും സാധിച്ചു.

ഇതിന്റെ ഭാഗമായി വിവിധ മേഖലകളുടെ തനത് പദ്ധതികളും അവയ്ക്ക് ഇതര മേഖലകൾക്കുള്ള ബന്ധവും അറിഞ്ഞ് കൊണ്ടുള്ള പദ്ധതികൾ രൂപമെടുക്കുകയും അതിനോടൊപ്പം തന്നെ ഡിപ്പാർട്ട്മെന്റൽ പദ്ധതികളും സർക്കാരിന്റെ പദ്ധതികളും ബന്ധിപ്പിക്കുന്നതിനും ഒരു പരിധ വരെ സാധിക്കുന്നതിനും സംയോജന സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുമന്നതിനും കഴിയുന്ന രീതിയിലുള്ള വികസന പരിപ്രേക്ഷ്യമാണ് പഞ്ചായത്ത് ഉന്നം വയ്ക്കുന്നത്.

## 2026– 2027 സാമ്പത്തിക വർഷത്തിലെ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭ യോഗത്തിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ

**ഗ്രാമസഭാ നിർദേശങ്ങൾ വാർഡ് 1**

1. മൂന്ന് സെൻറ് കാന നിർമ്മാണം
2. നരിമടയിൽ നിന്ന് വെള്ളം വരുന്നത് തടയണമെങ്കിൽ പോർക്കുളം പഞ്ചായത്തിൽ നിന്ന് വരുന്ന സ്ഥലത്ത് കാനനിർമ്മിക്കണം കൂടാതെ മൂന്ന സെൻററിൽ കോൺക്രീറ്റിംഗ് പൂർത്തിയാക്കണം
3. മൂന്ന് സെൻറ് കുത്തനെയുള്ള ഇറക്കത്തിൽ മഴക്കാലത്ത് വഴുക്കലുകൾ ഉള്ളതിനാൽ കൈവരിയും സ്റ്റെപ്പും ഉണ്ടാക്കണം
4. സഭാമഠം പാടത്ത് കുഴൽകിണർ ഉണ്ടാക്കിയതിന് കണക്ഷൻ നല്കണം. ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കണം
5. മാഞ്ചേരി അറ്റത്തെ കൾവർട്ട് പണിതതിൽ വെള്ളം റോഡിലൂടെ ഒഴുകി സമീപത്തെ വീടുകളിലേക്ക് ഇറങ്ങി പോകുന്നത് തടയണം
6. മൂന്ന് സെൻറ് ബൈ ലൈൻ റോഡ് നിർമ്മാണം
7. കുട്ടുകുളങ്ങര റോഡ് നിർമ്മാണം
8. അയ്യംപറമ്പ് കാന ശരിയാക്കൽ
9. സഭാമഠം റീടാറിംഗ് ചെയതതിലെ ബാലൻസ് തീര്ക്കണം
10. സബ്സെൻറർ നിർമ്മാണം( പഞ്ചായത്തിന് സമീപമുള്ള അംഗനവാടിക്ക് സമീപം )
11. അറ്റംകുളം ചീർപ്പിടൽ–സഭാമഠം പാടശേഖരം
12. പാലമിട്ട് ട്രാക്റ്റർ കടത്താനുള്ള സംവിധാനം
13. തോട് ഒഴുക്കുപാറ വരെ ശരിയാക്കൽ
14. പാങ്കുളം കെട്ടി വൃത്തിയാക്കി കൃഷിക്കാവശ്യമായ വെള്ളത്തിന് ഉപയുക്തമാക്കല് ഉമ്മയുടെ പറമ്പ് സഭാമഠം റോഡ് ബൈലൈൻ റേഡ്
15. മഴ വരുന്നതിന് മുന്പ് കാനകള് വൃത്തിയാക്കി വെള്ളം ഒഴുകി പോകുന്നതിനുള്ള സംവിദാനം വേണം
16. അംഗനവാടി നം 2 ലേക്ക് മോട്ടോർ വാങ്ങി നല്കണം
17. മാഞ്ചേരി അംഗനവാടി കൊടിമരം , കൈവരി , ബാത്തറും പെയിന്റിംഗ് , മറ്റ് അറ്റകുറ്റപണികൾ
18. അയ്യംപറമ്പ് കുടിവെള്ളത്തിന് കുഴൽ കിണർ നിര്മ്മാണം
19. പുറമ്പോക്ക് സ്ഥലത്തെ ആൾതാമസമുള്ള സ്ഥങ്ങളിലെ കുടുംബങ്ങൾകക് പട്ടയം നല്കല്
20. അംഗനവാടി നം 2 നടുത്തുള്ള കാന തുറക്കണം
21. കല്ലഴി അമ്പലത്തിലേക്കുള്ള റോഡ് ബൈലൈൻ നിർമ്മാണം
22. പഞ്ചായത്ത് കഴിഞ്ഞു വരുന്ന ബൈലൈൻ റോഡ് നിർമ്മാണം
23. സഭാ മഠം റോഡിൽ വട്ടകം പുള്ളി റോഡ് നിർമ്മാണം

24. വാർഡിലെ പ്രധാന ഭാഗങ്ങളിൽ മിനിമാസ്റ്റ് ലൈറ്റിന് പകരം പ്രകാശം കൂടിയ എല് ഇ ഡി ലൈറ്റ് സ്ഥാപിക്കണം
25. ബ്ളോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചൊവ്വന്നൂർ പഞ്ചായത്തിന്റെ ജനകീയഹോട്ടൽ വൃത്തിരഹിതമായ അന്തരീക്ഷം ഒഴിവാക്കി ആരോഗ്യകരമായ രീതിയിൽ നടത്തുന്നതിന് നടപടി സ്വീകരിക്കുക

## ഗ്രാമസഭാ നിർദേശങ്ങൾ വാർഡ് 2

1. എസ്റ്റേറ്റ് റോഡിലെ മരം മുറിക്കൽ
2. ചർച്ച് റോഡിലെ മാലിന്യം ചളിവെള്ളം എന്നിവ കെട്ടിനിൽക്കുന്നത് ഒഴിവാക്കണം
3. മനറോഡിലെ സ്ളാബ് അടഞ്ഞ് കിടക്കുന്ന സാഹചര്യ ഒഴിവാക്കുക
4. സ്ട്രീറ്റ് ലൈറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ
5. ഉദയ നഗർ പരിസരത്തെ നായശല്യം ഒഴിവാക്കൽ
6. ഇബ്രാഹിം റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുക
7. അംഗനവാടികളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുക
8. വാർഡിലെ പ്രധാന ഭാഗങ്ങളിൽ മിനിമാസ്റ്റ് ലൈറ്റിന് പകരം പ്രകാശം കൂടിയ എല് ഇ ഡി ലൈറ്റ് സ്ഥാപിക്കണം

## ഗ്രാമസഭാ നിർദേശങ്ങൾ വാർഡ് 3

1. റോഡ് ടാറിംഗ്

1. വിവേകാനന്ദഹാൾ റോഡ്
2. വൃന്ദാവൻസ്ട്രീറ്റ് റോഡ്
3. കുന്നത്ത് റോഡ്
4. കറുത്തേടത്ത് ലിങ്ക് റോഡ്
5. ചുമ്മാർ റോഡ്
6. വർക്കി പറമ്പ് റോഡ്

2. സ്ട്രീറ്റ് ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ ലൈൻ വലിക്കൽ

## ഗ്രാമസഭാ നിർദേശങ്ങൾ വാർഡ് 4

1. എസ് സി കോളനി റോഡ് റീടാറിംഗ്
2. റാബിയ ഹമീദ് റോഡ് കോൺക്രീറ്റിംഗ്
3. ഏനുക്ക റോഡ് കോൺക്രീറ്റിംഗ്
4. ടവർറോഡ് കോൺക്രീറ്റിംഗ്
5. വടക്കുമുറി മദ്രസ്സ സൈഡ് റോഡ് കോൺക്രീറ്റിംഗ്
6. വടക്കുമുറി കുടിവെള്ള പദ്ധതി നവീകരണം
7. പഴുന്നാന സ്കൂൾ ജുമാ മസ്ജിജ് റോഡ് സൈഡ് കോൺക്രീറ്റിംഗ്, കാനനിർമ്മാണം

8. പയ്യൂർപാടം സൈഡ് കെട്ടി ഓപ്പൺജിം സ്ഥാപിക്കൽ
9. കോളനി കുടിവെള്ളപദ്ധതിയിൽ നിന്നും കദീജ എന്നവരുടെ കണക്ഷൻ അവരുടെ സമ്മതമില്ലാതെ കട്ട് ചെയ്യുകയും റീകണക്ഷന് 5000 രൂപ ഗുണഭോക്തൃസമിതി ആവശ്യപ്പെട്ടുവെന്ന് ടിയാൻ പരാതി ഉന്നയിച്ചു
10. എസ് സി കോളനി അംഗൻവാടി റോഡ് റീടാറിംഗ്
11. വീട് പണിയുന്നതിനുള്ള സ്ഥലം നല്കണമെന്ന് ദീപ ആവശ്യപ്പെട്ടു
12. കോളനിയിലെ പഞ്ചായത്ത് കിണർ ആൾമറ കെട്ടി ഗ്രില്ലിട്ട് സംരക്ഷിക്കണം
13. ലക്ഷം വീട് കോളനിയിൽ നിന്നും ഖബർസ്ഥാനിലേക്ക് പോകുന്ന കാന വൃത്തിയാക്കി നിർമ്മാണം നടത്തൽ
14. പഴന്നാന സ്കൂൾ ജുമാ മസ്ജിജ് റോഡിൽ നിന്നും എസ് സി കോളനിയിലേക്ക് പോകുന്ന ഇടവഴി കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കൽ
15. ശാന്ത, മമ്മാലുഎന്നവർക്ക് കുടിവെള്ള കണക്ഷൻ നല്കൽ
16. പന്തല്ലൂർപാടം കണക്ഷൻ റോഡ് കോൺക്രീറ്റ് ചെയ്യൽ
17. മടപ്പാട്ടു പറമ്പിൽ ബഷീർ എന്നവരുടെ വീടിൻറെ മുന്നിലൂടെ പോകുന്ന പോസ്റ്റിലേക്ക് സ്ട്രീറ്റ് ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം

<u>ഗ്രാമസഭാ നിർദേശങ്ങൾ വാർഡ് 5</u>

1. റോഡ് സൈഡിലുള്ള കാനകൾ വൃത്തിയാക്കൽ
2. കാരേക്കാട്ട് റോഡ് കോൺക്രീറ്റിംഗ്
3. പച്ചക്കറി റോഡ് –പോട്ടുക്കളെ റോഡുമായി ബന്ധിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുക
4. നഹ്ജുൽ ഹുദാ മദ്രസ്സ സൈഡ് റോഡ് കോൺക്രീറ്റിംഗ്
5. നഹ്ജുൽ ഹുദാ മദ്രസ്സ സൈഡ് റോഡ് കാന നിർമ്മാണം
6. കാരക്കുളം റോഡ് കാന നിർമ്മാണം
7. കാരക്കുളം കണക്ഷൻ റോഡ് കോൺക്രീറ്റിംഗ്
8. കാർത്യായനി എന്നവരുടെ വീട് റീവയറിംഗ്
9. ലിവാഹുൽ ഇസ്ലാം മദ്രസ്സ റോഡ് കോണ്ക്രീറ്റിംഗ്
10. വാർഡിലെ പ്രധാന ഭാഗങ്ങളിൽ മിനിമാസ്റ്റ് ലൈറ്റിന് പകരം പ്രകാശം കൂടിയ എല് ഇ ഡി ലൈറ്റ് സ്ഥാപിക്കണം
11. കാരേക്കാട്ട് റോഡ് കാന നിർമ്മാണം
12. പനങ്കോറ റോഡ് കോൺക്രീറ്റ് ചെയ്ത് പൂർത്തീകരിക്കൽ
13. കാരക്കുളം പുനർനിർമ്മാണം
14. തോട്ടു വരമ്പ് റോഡ് കോൺക്രീറ്റ് പൂർത്തീകരണം

## ഗ്രാമസഭാ നിർദേശങ്ങൾ വാർഡ് 6

1. സ്ട്രീറ്റ് ലൈറ്റ് വലിക്കാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കണം
2. ചെമ്മന്തട്ട കുടിവെള്ള പദ്ധതി നവീകരണം
3. അംഗൻവാടികളുടെ റിവയറിംഗ്
4. രാധ മേലേപ്പാട്ട് എന്നവരുടെ വീട്ടിലെ മരങ്ങൾ അയൽ വാസികളുടെ സ്ഥലത്തേക്ക് ശല്യമുണ്ടാക്കുന്നു നടപടിയെടുക്കണം
5. രാധ മേലേപ്പാട്ട് എന്നവരുടെ വീടിൻറെ സൈഡിലെ റോഡ് കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കൽ
6. കണ്ണഞ്ചേരി റോഡ് നീളം കൂട്ടി അളന്ന് തിട്ടപ്പെടുത്തി കുടുംബാരോഗ്യകേന്ദ ത്തിലേക്ക് എത്തുന്ന രീതിയിൽ സഞ്ചാരയോഗ്യമാക്കൽ
7. ചെമ്മന്തട്ട ചായക്കട മുതൽ പാടം വരെയുള്ള റോഡ് കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കൽ
8. ആനേടത്ത് റോഡ് കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കൽ
9. ചെമ്മന്തട്ട അമ്പലത്തിന് പുറക് വശം കട്ട വിരിച്ച് സഞ്ചാരയോഗ്യമാക്കൽ
10. പഴുന്നാന പാറക്കുളം നവീകരണം
11. പഴുന്നാന പാറക്കുളത്തിനടുത്ത് തടയണ നിർമ്മാണം
12. വാർഡിലെ സഞ്ചാരയോഗ്യമല്ലാത്ത എല്ലാ റോഡുകളും സഞ്ചാരയോഗ്യമാക്കണം
13. വാർഡിലെ പ്രധാന ഭാഗങ്ങളിൽ മിനിമാസ്റ്റ് ലൈറ്റിന് പകരം പ്രകാശം കൂടിയ എല് ഇ ഡി ലൈറ്റ് സ്ഥാപിക്കണം
14. വികാലംഗർക്ക് സ്വയംതൊഴിൽസംരംഭം തുടങ്ങുന്നതിന് സാമ്പത്തിക സഹായം
15. കലാകായിക മത്സരങ്ങളിൽ മികവ് തെളിയിച്ചവർക്ക് തുടർ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം
16. കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് പോകുന്ന വഴിയിലെ വെള്ളക്കെട്ട് ഒഴിവാക്കൽ
17. ചെമ്മന്തട്ട അമ്പലത്തിന് മുന്നിലുള്ള എയ്യാൽ ചിറ്റിലങ്ങാട്ട് പ്രദേശത്തേക്കുള്ള വരമ്പ് പുറം പോക്കുകൾ ഒഴിവാക്കി റോഡ് നിർമ്മിക്കേണ്ടതാണ്
18. ബ്ളോക്കിലെ

## ഗ്രാമസഭാ നിർദേശങ്ങൾ വാർഡ് 7

1. അയർകുളം റോഡ് കോൺക്രീറ്റിംഗ്
2. കാരേക്കാട് റോഡ് കോൺക്രീറ്റിംഗ്
3. ടവർ റോഡ് കോൺക്രീറ്റിംഗ്
4. പൊടിയട റോഡ് കോൺക്രീറ്റിംഗ്
5. പൊട്ടകുളം റോഡ് കോൺക്രീറ്റിംഗ്

6. വെള്ളത്തൂർ റോഡ് കോൺക്രീറ്റിംഗ്
7. കൊട്ടാവ് കെട്ടിലേക്കുള്ള റോഡ് കോൺക്രീറ്റിംഗ്
8. പറപ്പകാവ്–പൊടിയട റോഡ് റീടാറിംഗ്
9. പുതുകുളം റോഡ് റീടാറിംഗ്
10. മനയ്ക്കലാത്ത് റോഡ് റീടാറിംഗ്
11. പള്ളിനട റോഡ് റീടാറിംഗ്
12. കുഞ്ഞിരാമൻ വൈദ്യർ റോഡ് റീടാറിംഗ്
13. പുതുകുളം റോഡ് റീടാറിംഗ്
14. കാന വൃത്തിയാക്കൽ
15. വെള്ളത്തൂർ വഴി സൈഡ് കെട്ട്
16. കിണർ നിർമ്മാണം
17. പഴുന്നാന –പുതുശ്ശേരി പാടത്ത് ഓപ്പൺജിം
18. പുതുശ്ശേരി പാറക്കുളത്തിന് സമീപം വേസ്റ്റ് ബിൻ
19. വീട് റിപ്പയറിംഗ്
20. ആടിൻകൂട് നിർമ്മാണം
21. പഴുന്നാന– പുതുശ്ശേരി റോഡിലെ പുല്ലുവെട്ടി സഞ്ചാര യോഗ്യമാക്കൽ
22. പുതുശ്ശേരി സ്കൂളിന് മുൻവശത്തുള്ള അംഗനവാടിക്ക്( അംഗനവാടി നം 13) സമീപമുള്ള പഞ്ചായത്ത് വക സ്ഥലം നവീകരിച്ച് കുട്ടികളുടെ കളികൾക്ക് അനുയോജ്യമാക്കൽ
23. അംഗനവാടി 13ൽ ശുചിമുറിയിലെ ക്ളോസറ്റ് മാറ്റൽ, അംഗനവാടി പെയിൻറ് അടിക്കൽ
24. സണ്ണി പുലിക്കോട്ടിൽ, ജിജി ചെറുവത്തൂർ പുതുശ്ശേരി എന്നവർക്ക് എൻ സി ബി സി കുടിവെള്ള പദ്ധതിയിൽ നിന്നും കുടിവെള്ള കണക്ഷൻ നല്കൽ
25. ജലസേചന പദ്ധതികൾ

    1 കടങ്ങോട് പഞ്ചായത്തിലെ വെളുത്താറ ചീപ്പ് ചിറമുതൽ ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ കുറ്റിയിൽ ചിറവരെയുള്ള തോടിൻറെ നീരൊഴുക്ക് തടസ്സങ്ങൾ മാറ്റുന്നതിനായി വെളുത്താറ ചീപ്പ് ചിറമുതൽ കുറ്റിയിൽ ചീപ്പ് ചിറവരെ തോട്ടിലെ മണ്ണ് നീക്കം ചെയ്ത് തോടിൻറെ പാർശ്വഭിത്തികൾ ബലപ്പെടുത്തേണ്ടതാണ്

    2. കടങ്ങോട് പഞ്ചായത്തിലെ ചാത്തൻതോടിൽ മാന്തടമ്പ് പാലത്തിനോട് ചേർന്ന് പുതിയ ചീപ്പ് ചിറ നിർമ്മിക്കേണ്ട

    തും, കാസ കനാലും തോടും ചിറയംകാവ് വരെ പുനരുദ്ധാരണം ചെയ്യേണ്ടതുമാണ്

    3. ചെമ്മന്തട്ട അമ്പലത്തിൻറെ വടക്കുഭാഗത്തുള്ള വെള്ളച്ചാൽ പുനരുദ്ദാരണം ചെയ്ത് നീരൊഴുക്ക് ശക്തി പ്പെടുത്തേണ്ടതാണ്

26 ചെമ്മന്തട്ട അമ്പലത്തിന് മുന്നിലുള്ള എയ്യാൽ ചിറ്റിലങ്ങാട്ട് പ്രദേശത്തേക്കുള്ള വരമ്പ് പുറം പോക്കുകൾ ഒഴിവാക്കി റോഡ് നിർമ്മിക്കേണ്ടതാണ്

27 പഴന്നാനപഞ്ചായത്ത് കിണർ മുതൽ പച്ചക്കറി റോഡ് വരെയുള്ള പൂർത്തീകരിക്കാത്ത റോഡ് പൂർത്തീകരിക്കേണ്ടതാണ്

28 പഴന്നാന പറപ്പൂക്കാവ് മുതൽ ഐനിക്കുളം വരെയുള്ള റോഡ് പുനരുദ്ധാരണം ചെയ്ത് ഗതാഗത സൌകര്യം മെച്ചപ്പെടുത്തേണ്ടതാണ്

29 പഴന്നാന വേട്ടക്കാരൻ കാവ് ക്ഷേത്രനടുത്തുള്ള റോഡ് പടിഞ്ഞാറെ പാടത്ത് എത്തുന്നത് വരെ പുനരുദ്ദാരണം ചെയ്യേണ്ടതാണ് .

30 അയ്യംപിള്ളി കുളം പുനരുദ്ധാരണം

31 അയ്യംപിള്ളി കുഴൽകിണറിലേക്ക് കാർഷിക ജലസേചനത്തിനുള്ള മോട്ടോറും , വൈദ്യുതി കണക്ഷൻ, മോട്ടോർഷെഡ് മുതലായവ അനുവദിച്ച് നല്കേണ്ടതാണ്

32 ചൂണ്ടൽ പഞ്ചായത്തിൽ തൃശ്ശൂർ കുന്ദംകുളം റോഡിൽ കുണ്ടോളി സുനിൽ എന്ന സ്വകാര്യവ്യക്തി വെള്ളം ഒഴുകിപോകാനുള്ള ഓവ് പാലം മണ്ണിട്ടച്ചത് മൂലം പഴന്നാന , പുതുശ്ശേരി കാണിപ്പയ്യൂർ പ്രദേശത്തെ നെൽവയൽ വെള്ളത്തിൽ മുങ്ങി നെൽകൃഷി നശിക്കാൻ ഇടയാകുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം

<u>ഗ്രാമസഭാ നിർദേശങ്ങൾ വാർഡ് 8</u>

1. പുതുശ്ശേരി ഞാലിൽ പ്രദേശത്ത് മുപ്പതോളം വീടുകൾക്ക് കുടിവെള്ളത്തിന് ബോർവെൽ അടിച്ച് വെള്ളത്തിൻറെ ലഭ്യത ഉറപ്പാക്കൽ
2. പുതുശ്ശേരി സനീപ് നഗർ ്രദേശത്തെ അറുപത്തയെട്ടോളം വീടുകൾക്ക് കുടിവെള്ളത്തിന് ബോർവെൽ അടിച്ച് വെള്ളത്തിൻറെ ലഭ്യത ഉറപ്പാക്കൽ
3. വെള്ളത്തിൻറെ പ്രശ്നത്തിന് ഗുണഭോക്തൃ സമിതി രൂപീകരിക്കൽ
4. വീട് റിപ്പയറിംഗ് - തങ്കമണി ചീരോത്ത് വീട്
5. വീട് റിപ്പയരിംഗ് –ജിജി ചൊവ്വല്ലൂർ വീട്
6. പുതുശ്ശേരി കമ്മ്യൂണിറ്റി ഹാളിൻറെ അറ്റകുറ്റപണികൾ
7. കിണറുകൾ ശുചീകരണം
8. 15 നമ്പർ അംഗൻവാടി വൈറ്റ് വാഷ് ചെയ്യൽ
9. തെരുവ് നായ ശല്യമുള്ളതിനാൽ 14 നമ്പർ അംഗനവാടിയുടെ ചുറ്റമതിൽ കെട്ടി സംരക്ഷിക്കണം
10. സന്ദീപ് നഗർ റോഡ് റീടാറിംഗ്
11. പുതുശ്ശേരി കുളങ്ങര അമ്പലംറോഡ് റീടാറിംഗ്
12. വാട്ടർ അതോറിറ്റിയുടെ പുരാതന വാട്ടർടാങ്ക് പൊളിഞ്ഞ് കിടക്കുന്നതിൽ പാമ്പിൻറെ ശല്യം രൂക്ഷമായതിനാൽ അത് പൊളിച്ച് മാറ്റി പഞ്ചായത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്
13. പുതുശ്ശേരി കരിപ്പയിൽ റോഡിൽ കയ്യേറ്റം നടന്നിട്ടുള്ളതിനാൽ അളന്ന് തിട്ടപ്പെടുത്തണം

14. മുകളിലെ വാട്ടർടാങ്ക്പൊളിഞ്ഞ് കിടക്കുന്ന ഭാഗം മൂടിയിടാൻ സൌകര്യം കണ്ടെത്തണം

## ഗ്രാമസഭാ നിർദേശങ്ങൾ വാർഡ് 9

1. കോൺക്രീറ്റിംഗ്
   കേശവൻനായർറോഡ്
   ശാന്തിനഗർ പുളിപറമ്പ് ഏരിയ
   കുറുനെല്ലി പറമ്പ് ക്ഷേത്രം റോഡ്
   മനപ്പടിറോഡിൻറെ അവസാനഭാഗം
2. റീടാറിംഗ്
   കെ കെ ജി കളരി റോഡ്
   കുറുനെല്ലി പറമ്പ് ട്രാൻസ്ഫോർമർ താഴെ ഇറങ്ങുന്ന റോഡ്
   മനപ്പടി റോഡ് (എസ് സി കോളനി ) അവസാനിക്കുന്ന ഭാഗം
3. എച്ച് എം സി റോഡിൻറെ സൈഡ് ഭിത്തി കോൺക്രീറ്റ് ചെയ്ത് സംരക്ഷിക്കൽ
4. ഓപ്പൺജിം പഴയ വാനശാലയ്ക്ക് സമീപം
5. ഭാനുമതി –കുടിവെള്ള കണക്ഷൻലഭിക്കുന്നതിന്
6. കേശവൻ നായർറോഡ് സ്ളാബ് ഇടണം

## ഗ്രാമസഭാ നിർദേശങ്ങൾ വാർഡ് 10

1. ഗ്രാമസഭക്ക് മൈക്ക് വേണം
2. തെരുവ്നായ ശല്യം നിയന്ത്രിക്കണം
3. മെയിൻ റോഡിൽ കുടിവെള്ളം ലഭ്യമാക്കണം
4. അമ്പലത്തിൽ പോകുന്ന വഴി വെള്ളകെട്ട് ഉണ്ട് അത് പരിഹരിക്കണം
5. റോഡ് സൈഡിലെ പ്ലാസ്റ്റിക്ക് കുടി എടുക്കാൻ ഹരിത കർമ്മ സേനക്ക് നിർദേശം നൽക്കണം.
6. നെല്ലിക്കുന്ന് റോഡ് കാന നിർമ്മിക്കണം
7. ഉഭയൂർ റോഡ് കാനയിലെ മണ്ണ് നീക്കം ചെയ്യണം
8. പുറമ്പോക്ക് സ്ഥലം അ
9. 60 മീറ്റർ റോഡ് കോൺക്രീറ്റിംഗ്
10. മുസ്ലിം പള്ളി റോഡ് കോൺക്രീറ്റിംഗ്
11. IMA ക്ക് സമീപത്ത് താഴെ ഉള്ള സ്ഥലത്ത് വേസ്റ്റ് കിടക്കുന്നുണ്ട്.
12. പുറംമ്പോക്ക് സ്ഥലം ഉണ്ട്.
13. ഓപ്പൺ ജിം

## ഗ്രാമസഭാ നിർദേശങ്ങൾ വാർഡ് 11

1. കരിങ്കപള്ളി റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുക
2. ഗ്രൌണ്ടിൽമിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ
3. പഴുന്നാന ഭാഗത്ത് ഓപ്പൺജിം സ്ഥാപിക്കൽ

4. അംഗനവാടി നവീകരണപ്രവർത്തനങ്ങൾ നടത്തുക
5. മാത്തച്ചൻ റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ
6. റോഡ് കോൺക്രീറ്റ് ചെയ്യാത്ത താഴെ പറയുന്ന സ്ഥലങ്ങളിൽ കോൺക്രീറ്റ് ചെയ്യുക
   മിനിനഗർറോഡ്
   മദ്രസ്സ ഹാൾ റോഡ്
7. തെരുവ് നായശല്യം ഒഴിവാക്കുക
8. വന്ദന റോഡ് റീടാറിംഗ്
9. വാർഡിലെ പ്രധാന ഭാഗങ്ങളിൽ മിനിമാസ്റ്റ് ലൈറ്റിന് പകരം പ്രകാശം കൂടിയ എല് ഇ ഡി ലൈറ്റ് സ്ഥാപിക്കണം

## ഗ്രാമസഭാ നിർദേശങ്ങൾ വാർഡ് 12

1. ഗ്രാമസഭകൾ പൂർത്തീകരിക്കാതെ വർക്കിംഗ് ഗ്രൂപ്പ്, വികസനസെമിനാർ എന്നിവ നടത്തിയത് തിരുത്തപ്പെടണം- കെ കെ സതീശൻ

2.ഐനിക്കുളങ്ങര അമ്പലത്തിന്റെ സൈഡിലൂടെ പാടത്തേക്കുള്ള വഴി സഞ്ചായരയോഗ്യമാക്കണം

3. രമണി ഗോപി, കുളങ്ങര വീട് ചൊവ്വന്നൂർ- വീട് വാസയോഗ്യമല്ല

4.ഐനിക്കുളങ്ങര അമ്പലത്തിലേക്കുള്ള വഴി സഞ്ചാരയോഗ്യമാക്കണം

5 പോട്ടക്കുളം റോഡ് പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കണം

6.ചൊവ്വന്നൂർ ഗുഹ കാണിപ്പയ്യൂർ റോഡിൽ ഫീൽഡ് ലൈൻ റോഡ് ടാറിങ് മുഴുവനാക്കണം

7 താമരശ്ശേരി റോഡ് പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കണം

8. കരുണാലയം താഴത്തെ റോഡ് MKR Quarters റോഡിലെ കാനകൾ വൃത്തിയാക്കണം

9 ചുങ്കത്ത് മൂലയിൽ സ്ട്രീറ്റ് ലൈറ്റ് ഇടണം

10 ബബിത മുതിരം പറമ്പത്ത്- വീട് അറ്റകുറ്റപണി നടത്തുനതിനുള്ള ധനസഹായം

11 എടവന അമ്പലം വഴി, കോഴിക്കുളം റോഡ് ടാറിങ് നടത്തണം- ശ്രീധരൻ എടവന 9526097889

12 പോട്ടപടം പ്രദേശത്ത് അറവുമാലിന്യങ്ങൾ ഇടുന്നത് മൂലം പ്രദേശത്ത് മലിനീകരണം നടപടി സ്വീകരിക്കണം

13 കൊട്ടുവായൂർ അമ്പലം പരിസരത്ത് തെരുവ്നായ ശല്യം രൂക്ഷം

## ഗ്രാമസഭാ നിർദേശങ്ങൾ വാർഡ് 13

1. താമരശ്ശേരി റോഡ് കോൺക്രീറ്റിംഗ്
2. ഓയിൽമിൽ റോഡ് റീടാറിംഗ്
3. കർഷകർക്ക് കൃഷി ആവശ്യത്തിന് തടയണ സ്ഥാപിക്കൽ
4. പോസ്റ്റ് ഓഫീസ് റോഡ് റീടാറിംഗ്
5. പന്തല്ലൂർ പഴുന്നാന റോഡ് റീടാറിംഗ്
6. മുസ്ളിം പള്ളിക്ക് സമീപം മിനിമാസ്റ്റ്
7. ഗ്രീൻ അവന്യൂ റോഡിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ
8. പാറക്കുളം റോഡ് കർഷകർക്കും ഭക്തജനങ്ങൾക്കും ഗതാഗത സൌകര്യം ഏർപ്പെടുത്തൽ
9. അംഗനവാടി നം 5 നവീകരണം
10. കല്ലൂർ വിഷ്ണുഭഗവതി ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ്
11. മദ്രസ്സ റോഡ് ടാറിംഗ്
12. അമ്പലനട റോഡ് റീടാറിംഗ്
13. ലൈഫ് ഭവനപദ്ധതിയിലെ ഗഡുക്കൾ നല്കണം
14. തെരുവ് നായ വന്ധീകരണം
15. പള്ളിക്കര റോഡ് റീ ടാറിംഗ്
16. കല്ലിങ്ങൽ റോഡ് റീടാറിംഗ്
17. മേലേപ്പാട്ട് ഇടവഴി കോൺക്രീറ്റിംഗ്
18. ഗോൾഡ് സ്മിത്ത് വഴി കോൺക്രീറ്റിംഗ്
19. ചെറിയ തോട് വഴി സ്ട്രീറ്റ് മെയിന് വലിക്കലും കോൺക്രീറ്റിംഗ്

## ഗ്രാമസഭാ നിർദേശങ്ങൾ വാർഡ് 14

1. **തൊഴിലുറപ്പ് പദ്ധതി**
   പന്തല്ലൂർ ഭരതൻ റോഡ് കോൺക്രീറ്റിംഗ്
   ചൊവ്വന്നൂര് വില്ലേജ് റോഡ് കോൺക്രീറ്റിംഗ്
   മെയിൻ റോഡ് –ജോത്സ്യൻ റോഡ് കോൺക്രീറ്റിംഗ്
   ഒഴുക്കുപാറ നടപ്പാത കെട്ടി നവീകരണം
   ഒഴുക്കുപാറ ബാത്ത്റൂം നിർമ്മാണം
2. **സ്ട്രീറ്റ് ലൈറ്റ്**
   വില്ലേജ് വഴി
   മിസ്ബ ചിക്കൻസെന്റർ വഴി
   പന്തല്ലൂർ തോബിയാസ് വഴി
3. **റീടാറിംഗ്**
   സുധാകരൻ ചേട്ടൻ റോഡ്
   കല്ലഴി അമ്പലം റോഡ്
4. **കലുങ്ക്**

തോൽപ്പാടം വഴി (രാജൻ കൊട്ടാരപ്പാട്ട് വഴി)
ആലുപറമ്പ് കാന കെട്ടൽ
എട്ടംപുറം സെൻ്റർ കാന കെട്ടി നവീകരണം

5. അമ്പലത്തിൻറെ മുന്നിലെ റോഡ് മഴക്കാലമാകുന്നതിന് മുന്പ് വൃത്തിയാക്കണം
6. സ്ട്രീറ്റ് ലൈറ്റ് വലിക്കാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കണം
7. തെരുവ് നായ ശല്യത്തിൽ നടപടിയെടുക്കൽ
8. ആലുപറമ്പ് കുടിവെള്ള പദ്ധതി നവീകരണം
9. എട്ടമ്പുറം ഭാഗത്ത് പഞ്ചായത്ത് റോഡ് കയ്യേറി വീട് പണിതിരിക്കുന്നു അടിയന്തിരമായി കയ്യേറ്റം ഒഴിപ്പിച്ച് റോഡ് നവീകരിക്കുക
10. വാർഡിലെ പ്രധാന ഭാഗങ്ങളിൽ മിനിമാസ്റ്റ് ലൈറ്റിന് പകരം പ്രകാശം കൂടിയ എല് ഇ ഡി ലൈറ്റ് സ്ഥാപിക്കണം

# അദ്ധ്യായം 10

## മോണിറ്ററിംഗ്

അധികാരവികേന്ദ്രീകരണം ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന നേട്ടം ആവശ്യങ്ങളറിഞ്ഞു കൊണ്ട്. ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തുന്ന പദ്ധതികളാണ്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും, വരവ് ചിലവ് കണക്കുകൾ പരിശോധിക്കുന്നതിനും ഗ്രാമസഭ വേദികൾ ഒരു പരിധി വരെ സജീവമായി പ്രവർത്തിക്കുന്നു. ഉദ്യോഗസ്ഥ കേന്ദ്രീകൃതമായ പദ്ധതി രൂപീകരണ പ്രക്രിയയെ തലകീഴായി പ്രതിഷ്ഠിക്കപ്പെട്ടത് ജനകീയാസൂത്രണ പ്രസ്ഥാനത്തിൻറെ വലിയ നേട്ടമാണ്. എന്നാൽ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട രംഗങ്ങളിൽ ജനകീയ സംവിധാനങ്ങൾ ഫലപ്രദമായി ഇടപെടുന്നില്ല എന്നത് ഏറെ ഖേദകരമാണ്. ഇതിനു മാറ്റം വരുത്തേണ്ടതുണ്ട്.

ജനകീയ പങ്കാളിത്തമുള്ള മോണിറ്ററിങ്ങ് സംവിധാനം പദ്ധതി നിർവ്വഹണത്തെ സൂക്ഷ്മമായി വിലയിരുത്തുകയും നിരീക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട് പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പ്രാധാന്യമുള്ള വർക്കിങ്ങ് ഗ്രൂപ്പുകളെ പദ്ധതികളുടെ മോണിറ്ററിങ്ങ് സമിതികളായി മാറ്റേണ്ടതുണ്ട്

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ ജനപ്രതിനിധികൾ ചെയർമാൻ, നിർവ്വഹണ ഉദ്യോഗസ്ഥർ കൺവീനർമാരുമായ 15 ഓളം സന്നദ്ധ പ്രവർത്തകർ അംഗങ്ങളുമായുള്ള 13 വർക്കിംഗ് ഗ്രൂപ്പുകൾ താഴെ പറയുന്ന വിഷയമേഖലകളായി പ്രവർത്തിച്ചു വരുന്നു.

| **വിഷയ ഗ്രൂപ്പ്** | **ചെയർമാൻ** | **കൺവീനർ** |
|---|---|---|
| 1. കൃഷി | സബേറ്റ വർഗീസ് | കൃഷി ഓഫീസർ |
| 2. മൃഗ സംരക്ഷണവും ക്ഷീര വികസനവും | ഐശ്വര്യ | വെറ്ററിനറി സർജൻ |
| 3. പൊതുഭരണവും ധനകാര്യവും | ഷാഫി | സെക്രട്ടറി |
| 4. പ്രാദേശിക സാമ്പത്തിക വികസനം | അനൂപ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 |
| 5. ദാരിദ്ര്യ ലഘൂകരണം | സുരേന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 |
| 6. സാമൂഹ്യനീതി | ഷഹർബാൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 7. വനിത വികസനം | ലിസി ജോയ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 8. പട്ടികജാതി/വർഗ്ഗ വികസനം | രതി പ്രാരത്ത് | അസിസ്റ്റൻറ് സെക്രട്ടറി |
| 9. ആരോഗ്യം | ജിഷ കെ സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

| | | |
|---|---|---|
| 10. കുടിവെള്ളം, ശുചിത്വം | നീതു | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 11. വിദ്യാഭ്യാസം കല സംസ്കാരം യുവജനക്ഷേമം | സുജിഷ | സെക്രട്ടറി |
| 12. പൊതുമരാമത്ത് | ഷഹീദ് | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 13. ജൈവ വൈവിധ്യം | എ എം നിധീഷ് | സെക്രട്ടറി |

പദ്ധതി രൂപീകരണ പ്രക്രിയകളിൽ സജീവസാന്നിദ്ധ്യമുള്ള ഈ വിഷയഗ്രൂപ്പകളെ പദ്ധതി നിർവ്വഹണത്തിൻറെ ഘട്ടത്തിൽ അതാത് വിഷയ ഗ്രൂപ്പമായി ബന്ധപ്പെട്ട പദ്ധതികളുടെ മോണിറ്ററിങ്ങ് സമിതികളായി ഉത്തരവാദിത്തപ്പെട്ടത്തിയുള്ള ഒരു സമീപനമാണ് കൈകൊണ്ടിട്ടുള്ളത്. പദ്ധതികളുടെ ഓരോ നിർവ്വഹണ ഘട്ടവും പദ്ധതി നിർവ്വഹണ കലണ്ടറിനനുസരിച്ച് പ്രവർത്തി പദത്തിൽ നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഈ മോണിറ്ററിങ്ങ് സമിതികൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുണ്ട് ഓരോ പ്രവർത്തിയും യഥാവിധി നിർവ്വഹിക്കപ്പെട്ടിട്ടുണ്ടെന്ന മോണിറ്ററിങ്ങ് സമിതിയുടെ റിപ്പോർട്ട് പദ്ധതി നിർവ്വഹണത്തിൻറെ പ്രധാന രേഖയായി കണക്കാക്കപ്പെടുന്നു. മോണിറ്ററിങ്ങ് കമ്മിറ്റിയുടെ ശുപാർശ ഇല്ലാതെ പദ്ധതി പണം കൈമാറ്റം ചെയ്യാൻ പാടുണ്ടായിരിക്കുന്നതല്ല.